നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

## ബഹുമുഖപ്രതിഭയായ ഒരു ഉപരാഷ്ട്രപതി



മൊഹമ്മദ് ഹമീദ് അൻസാരി

125 സെപ്തംബർ 2007

# സ്ത്രീധന പീഢനത്തിന്നെതിരെ തീക്ഷ്ണമായൊരു പ്രകടനം

ഗുജറാത്തിലെ രാജക്കോട്ട് നഗരത്തിലായിരുന്നു സംഭവം. പൂജ ചൗഹാൻ (22) എന്നൊരു യുവതി നഗരത്തിലെ പെരുവഴിയിലൂടെ ഒരു മണിക്കൂർനേരം വിവസ്ത്രയായി നടന്നത് മനസ്സാക്ഷിയുള്ളവരെയെല്ലാം നടുക്കിക്കളഞ്ഞു. പോലീസ് കമ്മീഷണറുടെ ഓഫീസിലേക്കായിരുന്നു ആ പ്രതിഷേധയാത്ര. എന്തായിരുന്നു കാരണം?

ഭർത്താവിന്റേയും കുടുംബാംഗങ്ങളുടേയും പീഡനം ഒരു വക; അതിന്നെതിരായ പരാതി ശ്രദ്ധിക്കാൻ പോലും മെനക്കെടാത്ത പോലീസിന്റെ ക്രൂരത മറ്റൊന്ന്.

തലയൊഴിച്ചാകെ മൂടിപ്പൊതിഞ്ഞു നടക്കുന്ന പൈതൃകത്തിന്നുടമകളായ ഭാരത സ്ത്രീകളിലൊരാൾ ഉടുതുണിയില്ലാതെ നടുറോഡിലിറങ്ങി നിൽക്കണമെങ്കിൽ, അതിന്നിടയാക്കിയ സാഹചര്യം എത്ര ഭീകരമായിരിക്കണം!

തന്നെ വസ്ത്രാക്ഷേപം നടത്താൻ മുതിർന്നവന്റെ തല കിട്ടുന്നതുവരെ തലമുടി കെട്ടില്ലെന്ന് പ്രതിജ്ഞചെയ്ത പാഞ്ചാലിയുടെ കൊച്ചനുജത്തിക്കാണ് ഈ ദുരന്തമുണ്ടായതെന്നോർക്കുക.

ഇന്ത്യയുടെ മഹാശാപങ്ങളിലൊന്നായ സ്ത്രീധനംതന്നെയാണ് പൂജയെ വാരിക്കുഴിയിൽ വീഴ്ത്തിയത്. സന്തുഷ്ടവും സംതൃപ്തവുമായൊരു ജീവിതത്തെക്കുറിച്ചുള്ള എണ്ണമറ്റ മോഹന സ്വപ്നങ്ങളുമായിട്ടാണ് ഒരു വധു ഭർതൃഗൃഹത്തിൽ കാലുകുത്തുന്നത്. എന്നാൽ മധുവിധുകാലം കഴിയുന്നതോടെ ഭർത്താവിന്റേയും ഭർതൃഗൃഹത്തിലെ അംഗങ്ങളുടേയും സ്വരത്തിൽ മാറ്റം വന്നു തുടങ്ങുന്നു. നവവധുവിനെ അവരൊരു കറവപ്പശുവാക്കാൻ ശ്രമിക്കുന്നു. പൂജാ ചൗഹാന് നേരിടേണ്ടി വന്ന ഒന്നാമത്തെ ദുരിതവും ഇതുതന്നെയായിരുന്നു. പക്ഷെ അത് അവിടം കൊണ്ട് അവസാനിച്ചില്ല.



പൂജ ചൗഹാൻ

പൂജ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയതോടെ ഭർത്താവിന്റേയും കുടുംബാംഗങ്ങളുടേയും അരിശത്തിന്നു മൂർച്ചകൂടി. വീട്ടിൽ കിടന്നു പൊറുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിവന്നപ്പോൾ പൂജ അടുത്തുള്ള ഒരു വാടക വീട്ടിലേക്ക് താമസം മാറ്റി. എന്നിട്ടും ശല്യം തീർന്നില്ലെന്നല്ല, മറ്റുള്ളവരെക്കൊണ്ട് ദേഹോപദ്രവമേൽപ്പിക്കാൻകൂടി ആരംഭിച്ചപ്പോൾ പൂജ പോലീസിൽ പരാതിപ്പെട്ടു. പലതവണ പരാതിപ്പെട്ടിട്ടും ഫലമില്ലാതെ വന്നപ്പോഴാണ് പൂജ അറ്റകൈ പ്രയോഗത്തിന്ന് മുതിർന്നത്.

➪ പേജ് 4

ജനനീതി

സെപ്തംബർ 2007
125

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഒമ്പതുകൊല്ലത്തെ തടവിന്നുശേഷം വെറുതെ വിടുമ്പോൾ

ഇന്ത്യയിലെ നീതിന്യായ സംവിധാനത്തിന്റെ ജീർണതയെ തുറന്നു കാട്ടുന്ന രണ്ടു വിധികൾ ഈയിടെ പുറത്തു വരികയുണ്ടായി. ഒന്ന് കോയമ്പത്തൂരിലും മറ്റേത് മുംബായിലുമായിരുന്നു. രണ്ടു കേസുകൾക്കും ഏറെ സമാനതകളുണ്ട്. സ്ഫോടന പരമ്പരകളിൽ ഒട്ടേറെ പേർ കൊല്ലപ്പെട്ട കേസാണ് രണ്ടും; അങ്ങേയറ്റം വെറുക്കപ്പെട്ട ടാഡ നിയമപ്രകാരമായിരുന്നു നിയമ നടപടികൾ.

കോയമ്പത്തൂരിലെ സ്ഫോടന പരമ്പര സംബന്ധിച്ച കേസിലെ വിധി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടില്ല. പ്രതികളിൽ കുറ്റക്കാരാരാണെന്നും കുറ്റക്കാരല്ലാത്തവർ ആരാണെന്നും മാത്രമേ വിധിച്ചുകഴിഞ്ഞിട്ടുള്ളൂ. കുറ്റക്കാർക്കുള്ള ശിക്ഷ വിധിക്കുന്ന നടപടി നീണ്ടുപോകാനിടയുണ്ട്. എന്നാൽ കുറ്റക്കാരല്ലാത്തവരെ കോടതി വിട്ടയച്ചുകഴിഞ്ഞു. അതിലൊരാൾ പി.ഡി.പി. നേതാവായ മദനിയാകയാൽ അത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

ഒരു കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ഒരാളെ അറസ്റ്റ് ചെയ്യുക; ഒമ്പതുകൊല്ലം ജയിലിലിടുക; അവസാനം കുറ്റമൊന്നും ചെയ്തിട്ടില്ലെന്ന് ബോധ്യം വന്നതിനെത്തുടർന്ന് വെറുതെ വിടുക–എത്ര ക്രൂരമാണ് സ്ഥിതിയെന്നോർത്തുനോക്കൂ. ഇതൊരു മദനിക്കുമാത്രമല്ല ഇന്ത്യയിൽ ആർക്കും സംഭവിക്കാവുന്നതാണ്. കാരണം ഇവിടത്തെ നിയമസംവിധാനം അങ്ങനെയൊക്കെയാണ്! പൗര സ്വാതന്ത്ര്യം , മനുഷ്യാവകാശം എന്നിവക്കൊന്നും ഇവിടെ കാൽകാശിന്റെ വിലയില്ല.

കോയമ്പത്തൂരിൽ സ്ഫോടനപരമ്പരയുണ്ടായത് 1998 ലാണ്. ഇത് സംബന്ധിച്ച കേസിന്റെ വിചാരണക്ക് ഒരു സ്പെഷൽ കോടതിയെ നിയോഗിക്കുകയും ചെയ്തു. ആകെയുണ്ടായിരുന്ന 166 പ്രതികളിൽ 153 പേർ മാത്രമേ കുറ്റക്കാരായി കാണപ്പെട്ടിട്ടുള്ളൂ. ഇവരിൽതന്നെ 84 പേർക്കെതിരെയുള്ളത് നിസ്സാരകുറ്റങ്ങളാണ്. കുറ്റക്കാരല്ലെന്ന് കാണപ്പെട്ടവരടക്കം എല്ലാവരും ഒമ്പതുകൊല്ലം ജയിലിൽ കിടക്കേണ്ടിവന്നു.

ഒമ്പതുകൊല്ലം ജയിലിൽ പിടിച്ചിട്ട ശേഷം "താൻ കുറ്റമൊന്നും ചെയ്തിട്ടില്ല, പൊയ്ക്കോളൂ" എന്നു പറയുമ്പോൾ ഒരാൾക്കുണ്ടാകുന്ന വികാരം എന്തായിരിക്കും? നമ്മുടെ നീതിന്യായ സംവിധാനത്തോട് ബഹുമാനമാണോ വെറുപ്പാണോ തോന്നുക? കുറ്റകൃത്യം ചെയ്തുവെന്ന സംശയത്തിന്മേൽ ഒരാളെ അറസ്റ്റ് ചെയ്താൽ, അയാൾക്കെന്തുകൊണ്ട് ജാമ്യം അനുവദിച്ചുകൂടാ?

മദനി നേതാവാണ്; അദ്ദേഹത്തിന്ന് പ്രത്യേകിച്ചൊന്നും നഷ്ടപ്പെടാനില്ല; ജയിലിൽ കിടന്ന ഒമ്പതുകൊല്ലവും ജയിലിനുപുറത്ത് അദ്ദേഹത്തിനുവേണ്ടി ശബ്ദമുയർത്താൻ ആളുണ്ടായിരുന്നു. ജയിലിൽനിന്ന് അദ്ദേഹം ഒരു രക്തസാക്ഷിയെപ്പോലെ പുറത്തുവരികയും ചെയ്തു. എന്നാൽ അദ്ദേഹത്തോടൊപ്പം വെറുതെ വിടപ്പെട്ട മറ്റുള്ളവരുടെ കാര്യമോ? ആ പാവങ്ങൾക്ക് എന്തു സംഭവിച്ചിരിക്കണം? ആരെങ്കിലും അതന്വേഷിക്കാനുണ്ടോ?

മുംബായിലെ സ്ഫോടന പരമ്പര സംബന്ധിച്ച കേസിലും ഇതേ ദുർഗതിയുണ്ടായി. 1993 ലെ സ്ഫോടന പരമ്പര സംബന്ധിച്ച് അറസ്റ്റ് ചെയ്യപ്പെട്ടവരിൽ 23 പേരെ, 14 കൊല്ലം നീണ്ടുനിന്ന കേസിന്നോടുവിൽ വെറുതെ വിട്ടു. ഭാഗ്യത്തിന്ന് അഞ്ചാറുകൊല്ലം കഴിഞ്ഞപ്പോൾ ഇവർക്ക് ജാമ്യത്തിൽ പുറത്തുവരാൻ കഴിഞ്ഞു. പക്ഷെ ജയിൽവാസക്കാലത്ത് ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ടുവെന്നല്ല കുടുംബ ബന്ധങ്ങൾപോലും തകർന്നു. ഭീകരരെന്ന് മുദ്രകുത്തപ്പെട്ടതിനാൽ നാട്ടിൽ ഭ്രഷ്ട് കല്പിക്കപ്പെട്ടു. കോടതി ഇപ്പോൾ വെറുതെവിട്ടുവെങ്കിലും ഇവരുടെ ജീവിതം നശിപ്പിക്കപ്പെട്ടു.

ഈയിടെ ഇന്ത്യാക്കാരനായ ഡോ. ഹനീഫിനെ ഭീകരനെന്ന സംശയത്തിന്മേൽ ആസ്ത്രേലിയൻ ഗവർമ്മേണ്ട് അറസ്റ്റ് ചെയത് തടവിലിട്ടപ്പോൾ ആസ്ത്രേലിയൻ ഗവർമ്മേണ്ടിന്റെ നടപടിയെക്കുറിച്ച് നമുക്കെന്തു തോന്നി? ഇന്ത്യാ ഗവർമ്മേണ്ടുതന്നെ ഇന്ത്യക്കാരോട് അങ്ങനെയെല്ലാം പെരുമാറുമ്പോൾ നാം ക്ഷോഭിക്കാത്തതെന്തുകൊണ്ട്? ഡോ. ഹനീഫിന്റെ മോചനത്തിന്നായി ആസ്ത്രേലിയയിൽ പ്രക്ഷോഭണം കൂട്ടിയത് ആസ്ത്രേലിയൻ പത്രങ്ങളും ജനങ്ങളുമാണെന്നോർക്കുക. ❏

## സ്ത്രീധന പീഡനത്തിനെതിരെ.........

ഇത്രയൊക്കെയായിട്ടും പോലീസ് സഹതാപപൂർവ്വമല്ല പൂജയോട് പെരുമാറിയത്. "പെരുവഴിയിൽ വൃത്തികെട്ടു പെരുമാറി" എന്ന കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെടാനായിരുന്നു പൂജയുടെ വിധി. എന്നാൽ ചില വനിതാ സംഘടനകൾ "ഗൃഹാതിക്രമ നിരോധന നിയമ" പ്രകാരം ഒരു കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് പൂജ മോചിതയായി. പഴയ വാടകവീട്ടിൽ താമസമാക്കാൻ പൂജക്ക് അനുമതി നൽകിയെങ്കിലും വീട്ടുടമ വീടുനൽകാൻ വിസമ്മതിച്ചതിനാൽ പൂജയെ ഒരു വനിതാസദനത്തിൽ ആക്കേണ്ടിവന്നു.

ഇതിന്നിടയിൽ പൂജ ചൗഹാന്ന് ഭ്രാന്താണെന്ന് പ്രചരിപ്പിക്കാൻ ചില പത്രങ്ങൾ ഹീനമായൊരു ശ്രമം നടത്തുകയുണ്ടായി. ഏതായാലും അതിനെയെല്ലാം പൂജ തന്റേടത്തോടെ നേരിട്ടു. മാത്രമല്ല, പൂജയുടെ മാതാപിതാക്കൾ പൂജ നടത്തുന്ന സമരത്തിന്ന് പിന്തുണ നൽകിവരുന്നുമുണ്ട്. ❏

# തൊഴിലുറപ്പുപദ്ധതി കേരളത്തിന്നു വേണ്ട!

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയെക്കുറിച്ച് ചർച്ച തുടങ്ങിയിട്ടിപ്പോൾ കൊല്ലം രണ്ടായി. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ, ഈ ചർച്ചക്കാധാരമായ വസ്തുതകൾ അത്യന്തം ശുഷ്ക്കമായിരുന്നു. തന്മൂലം യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്ത നിലപാടുകളാണ് പലരും സ്വീകരിച്ചിരുന്നത്. വെറുതെ ഖജനാവു മുടിയ്ക്കലാണെന്ന് കുത്തക പത്രങ്ങൾ വിധിയെഴുതിക്കൊണ്ടിരുന്നപ്പോൾ, എല്ലാം അതിമനോഹരമായി നടക്കുന്നതായി സർക്കാർ അവകാശപ്പെട്ടുപോന്നു.

ഭാഗ്യവശാൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള വിവരങ്ങൾ എത്തിത്തുടങ്ങിയതോടെ വസ്തുനിഷ്ഠമായൊരു വിശകലനത്തിന്നിപ്പോൾ സാധ്യതയുളവായിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതിപ്രകാരം 2006-07ൽ നടന്ന പണികളുടെ വിവരം ഇപ്പോൾ ലഭ്യമായിക്കഴിഞ്ഞു. പക്ഷെ ഒന്നോർക്കണം. ഇത് തുടങ്ങിയ വർഷമാണ്. 2006 ഫെബ്രുവരി 2ന്നാണ് 200 ജില്ലകളിൽ പദ്ധതി നടപ്പാക്കിയത്. പദ്ധതി നടപ്പാക്കുന്നതിന്നുവേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കാൻതന്നെ മാസങ്ങൾ വേണ്ടിവന്നു. എന്നിട്ടും 2006-07ൽ 90 കോടി പ്രവൃത്തി ദിവസങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞു; ഇതിന്നാകെ ചെലവ് 9000 കോടി ക.യാണ്. ഒരു കൊല്ലം 200 കോടി പ്രവൃത്തിദിവസം എന്ന ലക്ഷ്യത്തിന്ന് അടുത്തെങ്ങും എത്തിയില്ലെന്നത് ശരിതന്നെ. എങ്കിലും ആദ്യവർഷം എന്ന നിലക്ക് ഇത് മനസ്സിലാക്കാനാവും.



തമിഴ്നാട്ടിലെ വില്ലപുരം ജില്ലയിൽ തൊഴിലുറപ്പുപദ്ധതി പ്രകാരം കുളത്തിന് ആഴംകൂട്ടുന്ന സ്ത്രീകൾ

എന്നാൽ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ വിവിധ സംസ്ഥാനങ്ങൾക്കിടയിലുള്ള അന്തരം നടുക്കിക്കളയുന്നതാണ്. ചില സംസ്ഥാനങ്ങൾ തൊഴിലുറപ്പുപദ്ധതിയെ സ്വന്തം പദ്ധതിയായി ആവേശപൂർവ്വം നടപ്പാക്കുകയും കേന്ദ്രത്തിൽനിന്ന് പണം വാങ്ങുകയും ചെയ്തപ്പോൾ, ചില സംസ്ഥാനങ്ങൾ അനങ്ങിവരുന്നതേയുള്ളൂ. പദ്ധതി നടപ്പാക്കുന്നതിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് രാജസ്ഥാനാണ്. അതിൽ

അത്ഭുതപ്പെടാനില്ല. രാജസ്ഥാനിൽ കുറെ വർഷങ്ങളായി തൊഴിലുറപ്പുപദ്ധതി ചർച്ചാവിഷയമായിരുന്നു. ഏതാണ്ട് എല്ലാ കൊല്ലവും വരൾച്ചാദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി വൻതോതിൽ മരാമത്തുപണികൾ ഏറ്റെടുത്തുനടത്താറുള്ള സംസ്ഥാനമാണ് രാജസ്ഥാൻ. അതിനാൽ തൊഴിലുറപ്പുപദ്ധതി നടപ്പാക്കാനുള്ള തയ്യാറെടുപ്പ് നേരത്തെത്തന്നെ നടത്തിക്കഴിഞ്ഞിരുന്നു. എന്നാൽ കിഴക്കെ അറ്റത്തുകിടക്കുന്ന കൊച്ചു സംസ്ഥാനമായ ത്രിപുരയിൽ, പ്രത്യേകിച്ചൊരു ഒരുക്കം കൂട്ടലുമില്ലാതിരുന്നിട്ടും, രാജസ്ഥാനേക്കാൾ കൂടുതൽ നേട്ടമുണ്ടാക്കിയെന്ന കാര്യം ശ്രദ്ധേയമാണ്. രാജസ്ഥാനിൽ ഗ്രാമീണ കുടുംബങ്ങൾക്ക് കൊല്ലത്തിൽ 77 ദിവസം തൊഴിൽ നൽകിയപ്പോൾ ത്രിപുരയിൽ 87 ദിവസം തൊഴിൽ നൽകി. കൊല്ലത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യത്തിന്റെ അടുത്തുവരെ എത്തിയ സംസ്ഥാനങ്ങളാണിവ. ഇന്ത്യയിലെ സാമൂഹ്യ സുരക്ഷിതത്വ ചരിത്രത്തിലെ അഭൂതപൂർവ്വമായ നേട്ടമാണിത്.

പദ്ധതി നടപ്പാക്കിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും താഴെ കിടക്കുന്നത് കേരളമാണ്. കൊല്ലത്തിൽ മൂന്ന് ദിവസത്തെ തൊഴിൽ നൽകാനേ കേരളത്തിന്നു കഴിഞ്ഞിട്ടുള്ളൂ. ഗവർമ്മേണ്ടിന്റെ വീഴ്ച എന്നതിനേക്കാൾ, തൊഴിൽ തേടുന്നവരുടെ അഭാവം എന്നതാണിതിന്നു കാരണം. ഇന്ത്യയിലെ ഏറ്റവും ഉയർന്ന മിനിമം വേതനം കേരളത്തിലായിട്ടും കേരളത്തിൽ പണിതേടുന്നവർ അപൂർവ്വമാണ്. രാജസ്ഥാനിൽ ഒരാൾക്ക് 51 രൂപമാത്രം കൂലി നൽകുമ്പോൾ, കേരളത്തിൽ 121 ക.യാണ് കൂലി നൽകുന്നത്.

എന്നാൽ ഇതേ ന്യായം മഹാരാഷ്ട്രത്തിന്നും ബംഗാളിന്നും ബാധകമാക്കാൻ കഴിയില്ല. മഹാരാഷ്ട്രത്തിൽ കൊല്ലത്തിൽ നാലുദിവസം മാത്രം തൊഴിൽ നല്കിയപ്പോൾ ബംഗാളിൽ ആറുദിവസമേ തൊഴിൽ നൽകിയിട്ടുള്ളൂ. ഈ രണ്ടു സംസ്ഥാനങ്ങളിലും തൊഴിലുറപ്പുപദ്ധതി ഭീമമായൊരു പരാജയമായിത്തീർന്നതിൽ അത്ഭുതം തോന്നാം. പക്ഷെ കാര്യം അതല്ല. മഹാരാഷ്ട്രം എല്ലാ കാലത്തും തൊഴിലുറപ്പുപദ്ധതികളെ പരാജയപ്പെടുത്തിയിട്ടുണ്ട്. ബംഗാളിന്നാകട്ടെ, ആദ്യംമുതൽക്കേ തൊഴിലുറപ്പുപദ്ധതിയോട് അലർജിയായിരുന്നു.

ഗ്രാമീണ വികസനകാര്യം വരുമ്പോൾ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ മുന്നണിയിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ പിന്നണിയിലുമാവുകയാണ് പതിവ്. എന്നാൽ ദേശീയ തൊഴിലുറപ്പുപദ്ധതിയുടെ കാര്യം നേരെമറിച്ചാണ്. കൊല്ലത്തിൽ പത്തുദിവസത്തിലേറെ തൊഴിൽ നൽകിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ ആകെകാണുന്ന ഒരേയൊരു ദക്ഷിണേന്ത്യൻ സംസ്ഥാനം കർണ്ണാടകമാണ് – 17 ദിവസം; ബാക്കിയെല്ലാം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളാണ്.

തൊഴിലുറപ്പുപദ്ധതിയുടെ കാര്യത്തിൽ രാഷ്ട്രീയമുണ്ടോ? ഉണ്ടെന്നു പറയാനാവില്ല. എന്നാൽ ഈ പദ്ധതിയെ ഗൗരവപൂർവ്വം കണക്കാക്കുന്ന ഏതെങ്കിലും ദേശീയ കക്ഷിയുണ്ടെങ്കിൽ അത് ബി.ജെ.പി.യാണെന്നു പറയേണ്ടിവരും. പദ്ധതി നടപ്പാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന നാലുസംസ്ഥാനങ്ങളിൽ മൂന്നും ബി.ജെ.പി.യുടെ ഭരണത്തിലുള്ളവയാണ് – രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തിസ്ഗഡ്; നാലാമത്തേത് ആസാമാണ്. യാദൃശ്ചികമാകാം പദ്ധതി നടപ്പാക്കുന്നതിൽ മുന്നിട്ടു നിൽക്കുന്ന മൂന്നു സംസ്ഥാനങ്ങളിലും നിയമസഭാതിരഞ്ഞെടുപ്പ് അടുത്തു നടക്കാൻ പോകുകയാണ്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവർമ്മേണ്ട് നടപ്പാക്കിയ തൊഴിലുറപ്പുപദ്ധതി കൊണ്ട് ഗുണം കിട്ടാൻ പോകുന്നത്

ബി.ജെ.പി.ക്കാണെങ്കിൽ അതൊരു വിരോധാഭാസമായിരിക്കും.

ഈ തൊഴിലുറപ്പുപദ്ധതിയിൽ സ്ത്രീ ശാക്തീകരണത്തിന്റേതായ ഒരു വശമുണ്ട്. ദേശീയതലത്തിൽ നോക്കിയാൽ തൊഴിലുറപ്പുപദ്ധതി പ്രകാരം തൊഴിൽ ലഭിച്ചവരിൽ 40 ശതമാനവും സ്ത്രീകളാണ്. പദ്ധതി നടപ്പാക്കുന്നതിൽ തമിഴ്നാട് പിന്നണിയിലാണെങ്കിലും, തമിഴ്നാട്ടിൽ പണികിട്ടിയവരിൽ 81 ശതമാനവും സ്ത്രീകളാണെന്നുകാണാം. സ്ത്രീകൾക്ക് തൊഴിൽകിട്ടി എന്നതിന് സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വം ഉയർന്നു എന്നാണർത്ഥം. തൊഴിലുറപ്പു പദ്ധതിപ്രകാരം തൊഴിൽ ലഭിക്കുന്നവരിൽ മൂന്നിലൊന്നെങ്കിലും സ്ത്രീകളായിരിക്കണമെന്ന വ്യവസ്ഥയെ പല സംസ്ഥാനങ്ങളും ലംഘിച്ചിട്ടുണ്ട് - കാശ്മീർ (4 ശതമാനം) ഹിമാചലം (12 ശതമാനം) യു.പി. (17 ശതമാനം) എന്നിവയെല്ലാം നിയമം ലംഘിച്ചവയിൽപെടുന്നു. തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽനൽകുന്ന സ്ഥലങ്ങളിൽ കുട്ടികളെ നോക്കാൻ ക്രെഷെകൾ ഉണ്ടാക്കണമെന്ന വ്യവസ്ഥ ഏതാണ്ടെല്ലായിടത്തും ലംഘിക്കപ്പെട്ടിട്ടുണ്ട്.

അനുവദിക്കുന്ന പണം എങ്ങനെ വിനിയോഗിക്കുന്നുവെന്നതാണ് മറ്റൊരു പ്രശ്നം. ആകെ ചെലവിൽ 60 ശതമാനമെങ്കിലും കൂലി കൊടുക്കാനായി വിനിയോഗിക്കണമെന്നാണ് വ്യവസ്ഥ. മിക്ക സംസ്ഥാനങ്ങളും ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടെങ്കിലും ഒറീസ, ബീഹാർ, ഝാർഖണ്ഡ്, യു.പി., പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ ഈ വ്യവസ്ഥയെ ലംഘിച്ചിട്ടുണ്ട്. എന്നാൽ തമിഴ്നാട്ടിൽ അനുവദിച്ച പണത്തിന്റെ 96 ശതമാനവും കൂലിക്കായി വിനിയോഗിച്ചു. ഇതിൽ അല്പം മിടുക്കുണ്ടെന്നുകൂടി പറയാം. കാരണം വേതനത്തിന്നായി ചെലവാക്കുന്ന പണം മുഴുവനും കേന്ദ്രം നൽകും; മറ്റു ചെലവുകളുടെ പകുതിയേ കേന്ദ്രം നൽകൂ. അതായത് മേഞ്ചെലവ് കുറഞ്ഞാൽ സംസ്ഥാനം വഹിക്കേണ്ട ചെലവ് കുറയും.

വേതനനിരക്കിൽ വലിയ അന്തരം കാണുന്നുണ്ട്. തൊഴിലുറപ്പു പദ്ധതി പ്രകാരം പണിക്ക് വരുന്നവർക്ക് ആൺ -പെൺ വ്യത്യാസമില്ലാതെ മിനിമം വേതനം നൽകണമെന്നാണ് നിയമം. വിവിധ സംസ്ഥാനങ്ങളിലെ മിനിമം വേതനങ്ങൾക്ക് തമ്മിൽ വലിയ അന്തരമുണ്ട്. കേരളത്തിൽ മിനിമം വേതനം 121 ക.യാണെങ്കിൽ ചില സംസ്ഥാനങ്ങളിൽ എഴുപതോ എഴുപത്തഞ്ചോ രൂപ മാത്രമേ മിനിമം വേതനമുള്ളൂ. മിനിമം വേതനത്തിൽ കുറവുണ്ടെന്നല്ല, ചില സംസ്ഥാനങ്ങളിൽ ആ മിനിമം വേതനം പോലും കൊടുത്തിട്ടില്ല. ഉദാഹരണത്തിന്ന് രാജസ്ഥാനിലെ മിനിമം വേതനനിരക്ക് 75 ക.യായിരുന്നിട്ടും അവിടെ തൊഴിലുറപ്പുപദ്ധതി പ്രകാരം നൽകുന്ന വേതനം 51 ക. മാത്രമാണ്. മിനിമം വേതനത്തിൽ കുറഞ്ഞ വേതനം നൽകിയാൽ, അത് അടിമവേലയായി കണക്കാക്കി പ്രോസിക്യൂട്ട് ചെയ്യണമെന്ന് സുപ്രീം കോടതി 1983ൽ വിധിച്ചിട്ടുള്ളതാണ്.

തൊഴിലുറപ്പുപദ്ധതി ഒരു കൊല്ലത്തിന്നകംതന്നെ മിക്ക സംസ്ഥാനങ്ങളും നടപ്പാക്കിത്തുടങ്ങിയെന്നത് വലിയൊരു കാര്യമാണ്. ഇവയിൽ ഇരുപത് ജില്ലകളിൽ ഓരോന്നിലും ആദ്യവർഷത്തിൽതന്നെ നൂറുകോടിയിലേറെ രൂപ ചെലവാക്കുകയുണ്ടായി. തൊഴിലുറപ്പു പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലങ്ങൾ പ്രകടമായിത്തന്നെ കണ്ടുതുടങ്ങിയിട്ടുണ്ട്. (1) ഗ്രാമീണ സാമ്പത്തിക സുരക്ഷിതത്വം വർധിച്ചു; (2) കർഷക തൊഴിലാളികളുടെ വേതനനിരക്ക് വർധിച്ചു; (3) ഗ്രാമീണർ തൊഴിലന്വേഷിച്ച് നാടുവിടുന്നത് കുറഞ്ഞു; (4) ഗ്രാമങ്ങളിൽ ഉല്പാദനക്ഷമമായ ആസ്തികൾ ഉണ്ടാക്കി (5) സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം വർധിച്ചു. രചനാ

# മുസ്ലീമുകൾക്കിടമില്ലാത്ത ഗുജറാത്തി സാഹിത്യം

**- ഐഷാ ഖാൻ -**

ഒരു ഗവേഷണ പദ്ധതിയുടെ ഭാഗമായി എനിക്ക് ഗുജറാത്തി സാഹിത്യ ചരിത്രം പഠിക്കേണ്ടിവന്നു. ഗുജറാത്തി മാതൃഭാഷയല്ലാത്ത ഏതൊരാളും ചെയ്യുന്നതുപോലെ ഞാനും ഇതിന്നുള്ള സ്റ്റാൻഡേർഡ് പുസ്തകങ്ങൾ പരിശോധിച്ചു. മൻസുഖലാൽ ജവേരി രചിച്ചതും സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചതുമായ "ഗുജറാത്തി സാഹിത്യ ചരിത്ര"മാണ് ഞാൻ പരിശോധിച്ച കൃതികളിലൊന്ന്. അതുപോലെ ഗുജറാത്തി ജർണലിസത്തിന്റെ ചരിത്രമറിയാൻ വേണ്ടിയും ഞാൻ പല കൃതികളും പരിശോധിച്ചു.

വെറും പഠനം മാത്രമായിരുന്നു എന്റെ ഉദ്ദേശമെങ്കിലും, ഈ കൃതികളൊന്ന് ഓടിച്ചുവായിച്ചപ്പോൾ, രണ്ടുകാര്യങ്ങൾ എന്റെ മനസ്സിൽ തട്ടുകയുണ്ടായി. ഒന്ന്: ഗുജറാത്തി സാഹിത്യകാരൻമാരുടെ പട്ടികയിൽ ഒരൊറ്റ മുസ്ലീമിന്റെ പേരുപോലും കണ്ടെത്തിയില്ല. അതുപോലെത്തന്നെ പ്രമുഖ ഗുജറാത്തി ജർണലിസ്റ്റുകൾക്കിടയിൽ അത്യപൂർവ്വമായേ മുസ്ലീം പേരുകൾ കാണുകയുള്ളൂ. രണ്ട്: അടുത്തകാലത്തെ ചില അപവാദങ്ങൾ ഒഴിച്ചാൽ, ഗുജറാത്തി ജർണലിസ്റ്റുകൾ, എഴുത്തുകാർ, കവികൾ എന്നിവർക്കിടയിൽ ഗോത്രവർഗ്ഗക്കാരേയോ ദളിതുകളെയോ ക്രിസ്ത്യാനികളേയോ കാണാൻ കഴിഞ്ഞില്ല.

ദളിതുകളും ക്രിസ്ത്യാനികളും മുസ്ലീമുകളുമായ എഴുത്തുകാരും കവികളും ജർണലിസ്റ്റുകളും ഗുജറാത്തിലില്ല എന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. ഇവർക്കൊന്നും ചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നില്ലെന്നേ പറയുന്നുള്ളൂ.

ഒരു എഴുത്തുകാരന്റെ അല്ലെങ്കിൽ കവിയുടെ രചനകൾക്ക് പ്രചോദനമായിത്തീരുന്നത് അവരുടെ പശ്ചാത്തലവും പരിതസ്ഥിതിയും സാമൂഹ്യ യാഥാർത്ഥ്യങ്ങളുമാണ്. ഇതെല്ലാം കൃതികളിൽ പ്രതിഫലിച്ചുകാണാം. ഗുജറാത്തിലെ മുസ്ലീമുകളുടെ മാതൃഭാഷ ഉർദുവല്ല, ഗുജറാത്തിയാണ്. അതുപോലെ ഗോത്രവർഗ്ഗക്കാരും ദളിതുകളും, ഗ്രാമ്യഭാഷയായിട്ടാണെങ്കിലും ഗുജറാത്തി മാതൃഭാഷയായിട്ടുള്ളവരാണ്. ഗോത്രവർഗ്ഗക്കാർ, ദളിതുകൾ എന്നിവർക്കിടയിൽ സാഹിത്യ നായക ⇨

---

ത്മകമായ ഇത്തരം നേട്ടങ്ങൾ എല്ലാ ജില്ലകളിലും കൈവരുത്തുക എന്നതാകണം ലക്ഷ്യം.

തൊഴിലുറപ്പുപദ്ധതിയിൽ കാര്യമായ തട്ടിപ്പില്ല എന്നതാണ് പ്രധാനമായ കാര്യം. മുമ്പ് ജോലിക്ക് കൂലി ഭക്ഷണം എന്നും മറ്റുമുള്ള പേരിൽ പല തൊഴിൽദാന പദ്ധതികളും നടപ്പാക്കാറുണ്ട്; അവയിലെല്ലാം വ്യാപകമായ തട്ടിപ്പുണ്ടായിരുന്നു. എന്നാൽ പുതിയ തൊഴിലുറപ്പുപദ്ധതിയിൽ തട്ടിപ്പുകൾ കണ്ടെത്തിയിട്ടില്ല. ദൽഹിയിലെ ജവാഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ഛത്തിസ്ഗഢിലെ രണ്ടു ജില്ലകളിൽ പരിശോധന നടത്തിയതിൽ, വേതനമായി നൽകപ്പെട്ട തുകയിൽ 95 ശതമാനവും യഥാർത്ഥ പണിക്കാർക്കുതന്നെയാണ് നൽകിയതെന്ന് കാണുകയുണ്ടായി. പുതിയ വിവരാവകാശനിയമപ്രകാരം ആർക്കുവേണമെങ്കിലും കണക്കുപരിശോധിക്കാമെന്നതിനാൽ തട്ടിപ്പുകൾക്ക് സാധ്യത വളരെ കുറഞ്ഞിട്ടുണ്ട്. ❏

ന്മാരോ ജർണലിസ്റ്റുകളോ ഇല്ലാത്തത് അവർ മുഖ്യധാരയിൽ എത്താൻ വൈകിയതുകൊണ്ടാണെന്ന് സമാധാനിക്കാം. എന്നാൽ മുസ്ലീമുകളുടെ കാര്യത്തിൽ അത്തരം ഞായമൊന്നും പറഞ്ഞു നിൽക്കാനാവില്ല. കാരണം, ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെന്നപോലെ, ഗുജറാത്തിലെ മുസ്ലീമുകൾ ദരിദ്രരോ പിന്നോക്കാവസ്ഥയിലുള്ളവരോ അല്ല.

ഗുജറാത്തി സാഹിത്യ ചരിത്രത്തിൽ മുസ്ലീമുകൾക്കും മറ്റും സ്ഥാനം ലഭിക്കാത്തതിന്ന് രണ്ടുകാരണമേ പറയാൻ തോന്നുന്നുള്ളൂ. ഒന്ന്: മുസ്ലീമുകളും മറ്റും ഗുജറാത്തി സാഹിത്യത്തിന്ന് കാര്യമായൊരു സംഭാവനയും നൽകിയിട്ടില്ല. രണ്ട്: മുസ്ലീമുകളുടേയും മറ്റും സംഭാവനകൾ പ്രമാണി വർഗ്ഗത്തിന്റെ മാനദണ്ഡത്തിന്നനുസൃതമായി കണക്കാക്കപ്പെട്ടിരുന്നില്ല. ഇതിൽ ആദ്യത്തേതാണ് ശരിയെങ്കിൽ, ഇന്നത്തെ സ്ഥിതി മനസ്സിലാക്കാവുന്നതേയുള്ളൂ. അതായത് ചരിത്രപരമായ ഒറ്റപ്പെടലാണത്.

എന്നാൽ രണ്ടാമത്തേതാണ് ശരിയെങ്കിൽ, കാര്യം കൗതുക ജനകമായിത്തീരുന്നു. ഗുജറാത്തിൽ ഒരു ഖാസി നസ്റുൽ ഇസ്ലാമോ ഒരു വൈക്കം മുഹമ്മദ് ബഷീറോ ഉണ്ടാകാത്തത് അവർ മേൽതട്ടുകാരല്ലാത്തതുകൊണ്ടാണോ? മേൽതട്ടുകാരല്ലാത്തവരെ ബോധപൂർവ്വമോ അല്ലാതേയോ ഒഴിവാക്കിയിട്ടുണ്ടോ? മേൽതട്ടിൽ പെടാത്തവർക്ക് ജനപ്രിയ സാഹിത്യം രചിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ്? ഗുജറാത്തി കവിതയിൽ ഗസൽ രൂപം പ്രിയങ്കരമായതെങ്ങനെ? ഗുജറാത്തി സാഹിത്യത്തിന്റെ സ്വീകാര്യ മാനദണ്ഡം നിർണ്ണയിക്കുന്നത് ആരാണ്. എന്താണ് ആ മാനദണ്ഡം? ഗുജറാത്തിലെ ഔപചാരിക സാഹിത്യ സംഘടനകൾ പലരേയും ഒഴിവാക്കുന്നുണ്ടോ? ഇവയുടെ രക്ഷകർത്താക്കളാരാണ്?

ഗുജറാത്തി സാഹിത്യം ആനുകാലിക യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കാത്തതെന്തുകൊണ്ടാണ്? ഇന്ത്യാ വിഭജനത്തിന്റെ യാതനകൾ പ്രതിഫലിപ്പിക്കാത്തതെന്തുകൊണ്ടാണ്? 1956 ലെ ഭീകരമായ വരൾച്ച ഒരു സാഹിത്യ രചനക്കും പ്രചോദനമാകാത്തതെന്തുകൊണ്ടാണ്? അഹമ്മദാബാദിലും വഡോദരയിലും 1970 കളിലും 1980 കളിലും വർഗ്ഗീയ കലാപങ്ങളുടെ പരമ്പരകൾ തന്നെയുണ്ടായിട്ടും ഗുജറാത്തി സാഹിത്യത്തിൽ അതു പ്രതിഫലിക്കാതിരുന്നതെന്തുകൊണ്ടാണ്? ഒരു മന്റോയോ ഒരു പ്രേംചന്ദോ ഒരു ദേശ്പാണ്ഡേയോ രചിച്ച ഒരു നോവൽ സാധാരണക്കാരെ ഹഠാദാകർഷിക്കുന്നതുപോലെ സാധാരണക്കാരെ ആകർഷിക്കുന്ന നോവലോ കവിതയോ ഉണ്ടാകാത്തതെന്തുകൊണ്ടാണ്?

പഞ്ചാബി സാഹിത്യത്തിലും ബംഗാളി സാഹിത്യത്തിലുമെല്ലാം കാണാൻ കഴിയുന്നതുപോലെ ഗുജറാത്തിയിൽ അവിഭക്ത ഗുജറാത്തിനെപ്പറ്റി, അല്ലെങ്കിൽ കറാച്ചിയെപ്പറ്റി അതുമല്ലെങ്കിൽ കച്ചിനെപ്പറ്റി നമുക്കെവിടെയാണ് വായിക്കാൻ കഴിയുക? സാമൂഹ്യ യാഥാർത്ഥ്യങ്ങളെക്കുറിച്ചും ആനുകാലിക സ്ഥിതി വിശേഷങ്ങളെക്കുറിച്ചും പറയേണ്ടിവരുമ്പോൾ ഗുജറാത്തിലെ മുഖ്യധാരാ സാഹിത്യ നായകൻമാർ മൗനം പാലിക്കുന്നതെന്തുകൊണ്ടാണ്? ആധുനിക കാവ്യ രൂപങ്ങൾക്കു പകരം പ്രാചീന കാവ്യ രൂപങ്ങളിൽതന്നെ ചടഞ്ഞുകൂടിയിരിക്കുന്നതെന്തുകൊണ്ടാണ്? 2002 ലെ മുസ്ലീമുകളുടെ കൂട്ടക്കൊലക്കെതിരായോ ആധുനിക ഉർദു കവിതയുടെ പിതാവെന്നറിയപ്പെടുന്ന വാലി ഗുജറാത്തിയുടെ ശവകുടീരം ഇടിച്ചുനിരത്തിയതിന്നെതിരായോ പ്രതികരിക്കാതിരുന്നതെന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ രാജേന്ദ്ര ഷാ പ്രകടിപ്പിച്ച നിസ്സംഗതാമനോഭാവം നമുക്കിപ്പോൾ മനസ്സിലാക്കാൻ കഴിയും. ഈ സംഭവങ്ങൾ മഹാശ്വേതാദേവിയെപ്പോലും വേദനിപ്പിച്ചപ്പോൾ, ഗുജറാത്തി എഴുത്തുകാരെ അവ സ്പർശിച്ചതേയില്ല. ❑

# ഗുജറാത്തികളുടെ മുസ്ലീം വിരോധം ജന്മസ്വഭാവം

**- ഡോ. ഗണേശ് ഡേവി -**

ഗുജറാത്ത് അസഹിഷ്ണുതയുടേതായ ഒരു നാടായിത്തീർന്നിരിക്കുന്നു. ഏറ്റവും കുറഞ്ഞത് എന്റെ ഇപ്പോഴത്തെ അനുഭവം അതാണ്. ഗുജറാത്തിലിന്ന് എനിക്ക് സംസാരിക്കാവുന്നവരായി അധികം പോരൊന്നുമില്ല. കാരണം, അടിസ്ഥാനപരമായ കാര്യങ്ങൾപോലും അവർക്ക് മനസ്സിലാവില്ല; മനസ്സിലാക്കണമെന്ന് അവർക്ക് താൽപര്യവുമില്ല. ഒരു പൗരനെന്ന നിലയിൽ വഡോദരയിൽ എനിക്കു പരമസുഖമാണ്. പക്ഷെ ഈ നഗരത്തിലെ ആരോടും എനിക്ക് സംസാരിക്കാനാവില്ലെന്നതാണ് പ്രശ്നം. ഒരു മരുഭൂമിയിൽ ചെന്നുപെട്ട അനുഭവമാകും. ഗുജറാത്തികൾ സമാധാന പ്രിയരാണെന്ന ഒരു കെട്ടുകഥയുണ്ട്. അതാർക്കും വിശ്വസിക്കാനാവില്ല. ഈ കെട്ടുകഥ വാസ്തവമാണെങ്കിൽ, 1969ന്നു ശേഷം ഇത്രയേറെ കലാപങ്ങൾ എങ്ങനെയുണ്ടായി? ഗുജറാത്തികളുടെ സമ്പാദ്യശീലത്തിന്റെ സ്വഭാവമാണിത്. അങ്ങേയറ്റത്തെ സമ്പാദ്യശീലമുള്ളവരാണ് ഗുജറാത്തികൾ. ഇഷ്ടപ്പെട്ടതെല്ലാം സ്വന്തമാക്കാൻ അവരെന്തും ചെയ്യും. അങ്ങേയറ്റം അന്തസ്സുള്ള ആളുകൾപോലും, എന്റെ ബഹുമാനാദരങ്ങൾക്ക് പാത്രമായവർപോലും, അമേരിക്കയിലേക്കൊരു വിസകിട്ടാൻ എന്തും ചെയ്യും; അതിനായി നുണപറയാനെന്നല്ല ചതിക്കാനും അവർ തയ്യാറാകും. എത്രകിട്ടിയാലും മതിവരാത്ത ഒരു കൂട്ടരാണ് ഗുജറാത്തികൾ. ഗുജറാത്തികളുടെ ഭക്തിപോലും ധനാർജ്ജനത്തിനു വേണ്ടിയുള്ളതാണ്. ദൈവവുമായി ഒരു "കൊള്ള-കൊടുക്ക" ബന്ധമാണ് അവർക്കുള്ളത് - ഞാൻ നിങ്ങളെ പൂജിക്കാം; നിങ്ങൾ എനിക്ക് സമ്പത്തുണ്ടാക്കിത്തരണം.

ഗുജറാത്തികളുടെ മുസ്ലീം വിരോധം ബോധപൂർവ്വമല്ല; അതാരും പഠിപ്പിച്ചതുമല്ല. അത് തീർത്തും സ്വാഭാവികമാണ്. ഇന്ത്യാവിഭജനത്തെക്കുറിച്ചുള്ള കാലുഷ്യം, പഞ്ചാബിലെന്നപോലെ, നിങ്ങൾക്കിവിടെ കാണാനാവില്ല. സോമനാഥക്ഷേത്രത്തെക്കുറിച്ച്, അതിന്റെ നേരെ നടന്ന നിരവധി ആക്രമണങ്ങളെക്കുറിച്ച്, ഓരോ ഗുജറാത്തിയുടെയും മനസ്സിൽ ധാരണകൾ ഈട്ടം കൂടിയിട്ടുണ്ടെന്നുമാത്രം. അതിന്നുശേഷമുള്ള നീണ്ട കാലഘട്ടം ഗുജറാത്തിയുടെ മനസ്സിൽ ശൂന്യമാണ്. പിന്നെ ഗുജറാത്തികൾ കാണുന്നത് ഗാന്ധിജിയെയാണ്.

ഗാന്ധിജി ഗുജറാത്തികൾക്ക് പ്രിയംകരനൊന്നുമല്ലെന്നുകൂടി ഇവിടെ പറയേണ്ടതുണ്ട്. വെറും അധര സേവനത്തിലൊതുങ്ങുന്നു ഗുജറാത്തികളുടെ ഗാന്ധി ഭക്തി.

നിങ്ങൾ മുസ്ലീമുകളെ വെറുക്കുന്നുവെങ്കിൽ, ഗുജറാത്തിൽ നിങ്ങൾ സ്വാഗതം ചെയ്യപ്പെടും. മുസ്ലീം വിരോധമാണ് ഗുജറാത്തിയുടെ നന്മ-തിന്മകൾ അളക്കാനുള്ള അളവുകോൽ. ഇവിടെ മാന്യന്മാരെല്ലാം മുസ്ലീമുകളെ വെറുക്കുന്നു. ഇതൊരു നഗരപ്രതിഭാസം മാത്രമല്ല; ഗ്രാമങ്ങളിലും ഇതു തന്നെയാണ് സ്ഥിതി. ഒരു മുസ്ലീം അപകടത്തിൽപെട്ടാൽ, അതിലാരും അസ്വാഭാവികമായൊന്നും കാണില്ല.

ഗുജറാത്തിലെ ഹിന്ദുക്കൾ മുസ്ലീമുകളെ എങ്ങനെ കാണുന്നുവെന്നതിന്ന് ഞാനൊരുദാഹരണം പറയാം. നർമ്മദാപ്രശ്നം നോക്കൂ. ഗുജറാത്തിക

ളെല്ലാം അണക്കെട്ടിനുവേണ്ടി വാദിക്കുന്നവരാണ്; അതുകൊണ്ടുതന്നെ അവർ മേധാപട്കർക്കെതിരുമാണ്. എന്നാൽ മേധയെ പിൻതാങ്ങുന്നവരെയെല്ലാം അവർ മുസ്ലീമുകളെന്നാണ് വിളിക്കുക. ഗുജറാത്തിലെ അസഹിഷ്ണുത സർവ്വവ്യാപിയാണ്. ഒരാളും അതിന്നപവാദമായിട്ടില്ല. മുസ്ലീമുകളെ ഗുജറാത്തികളാകെ വെറുക്കുന്നു. മേധയെ "ശത്രു"വായി കണ്ടാൽ, ഗുജറാത്തികളെല്ലാം അവരെ ശത്രുവായിക്കാണും. അതിനാൽ മുസ്ലീമുകളെയെന്നപോലെ മേധയേയും സകല ഗുജറാത്തികളും വെറുക്കുന്നു. മനസ്സിവിടെ കൊട്ടിയടക്കപ്പെട്ടിരിക്കുകയാണ്. അഭിപ്രായവ്യത്യാസത്തിന്റെ, ഭിന്നാഭിപ്രായത്തിന്റേതായ സംസ്കാരം സർവ്വത്ര വർജ്ജിക്കപ്പെടുന്നു.

കുറച്ചുകാലം മുമ്പ് ഹബീബ് തന്വീർ വഡോദരയിൽ വന്നുതാമസിക്കാൻ പ്ലാനിട്ടു. ആറുമാസം അന്വേഷിച്ചിട്ടും അദ്ദേഹത്തിന്നൊരു വീട് കിട്ടിയില്ല. അതുകൊണ്ടദ്ദേഹം തിരിച്ചുപോയി. അദ്ദേഹത്തിന്ന് താമസിക്കാനൊരു സ്ഥലം ഏർപ്പാട് ചെയ്യാൻ ഞങ്ങളിൽ ചിലരൊരു ശ്രമം നടത്തുകയുണ്ടായി. പക്ഷെ സ്ഥലം തരാൻ ഒരാളും തയ്യാറായില്ല. അക്കാലത്ത് ഞാൻ താമസിച്ചിരുന്ന വീടിന്റെ ഉടമയെത്തന്നെ ഞാൻ സമീപിച്ചു. വളരെ മാന്യനായ ഒരു മനുഷ്യനാണദ്ദേഹം. പക്ഷെ വീട് ഹബീബിന്നാണെന്നറിഞ്ഞപ്പോൾ അദ്ദേഹം തരാൻ വിസമ്മതിച്ചു.

സത്യസന്ധനും ആദർശവാദിയുമായ കോൺഗ്രസ്സ് എം.പി. റോഫ് വലിയുള്ളയെ അഹമ്മദാബാദ് നഗരമധ്യത്തിൽവച്ച് ഗുണ്ടകൾ തല്ലിക്കൊന്നത് കുറച്ചുകാലം മുമ്പാണ്. കോൺഗ്രസ്സുകാർപോലും അതിന്നെതിരെ ഒരു പ്രതിഷേധസ്വരം ഉയർത്തിയില്ല. കാരണം, അദ്ദേഹമൊരു മുസ്ലീമായതുകൊണ്ടാകണം. ഈയിടെ അഹ്സൻ ജഫ്രി (എം. പി.) വധിക്കപ്പെട്ടപ്പോഴും ആർക്കുമൊരു നഷ്ടബോധം തോന്നിയില്ല. മുസ്ലീമുകളെ സംബന്ധിച്ച കാര്യത്തിൽ ഗുജറാത്തിൽ രാഷ്ട്രീയമോ പ്രത്യയശാസ്ത്രപരമോ ആയ ഭിന്നാഭിപ്രായമില്ല. കോൺഗ്രസ് പോലും മുസ്ലീമുകളെ വെറുക്കുന്നു.

ബിരുദാനന്തര പഠനം നടത്തുന്ന ഒരു മുസ്ലീം യുവാവ് എനിക്ക് കൂട്ടുകാരനായിട്ടുണ്ടായിരുന്നു. 2002 ൽ നടന്ന മുസ്ലീം കൂട്ടക്കൊലക്കുശേഷം അദ്ദേഹത്തിന്ന് ശരിക്ക് സംസാരിക്കാനോ എഴുതാനോ പറ്റാതായി. അഫേഷ്യ എന്ന രോഗത്തിന്റെ പ്രത്യക്ഷോദാഹരണം. (നടുക്കംമൂലം തലച്ചോറിൽ സംഭവിക്കുന്ന മാറ്റത്തിന്റെ ഫലമായി ആശയവിനിമയം നടത്താനാകാതെ വരുന്ന സ്ഥിതിയാണ് അഫേഷ്യ)

ജനസംഖ്യയിൽ നല്ലൊരുഭാഗം മുസ്ലീമുകളായിട്ടും, ഒരു ഉറുദു പത്രം പോലുമില്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാനം ഗുജറാത്താണെന്നു തോന്നുന്നു. ഗുജറാത്തിലെ ഒരു മുസ്ലീമിന്റെ വികാരങ്ങൾ എന്തായിരിക്കുമെന്ന് ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. വെറുപ്പും അവജ്ഞയും ഭീഷണിയും നിറഞ്ഞ ഒരന്തരീക്ഷത്തിൽ ജീവിക്കേണ്ടിവരുന്ന ഒരാളുടെ സ്ഥിതിയെക്കുറിച്ചോർക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു. (തെഹൽക)

(ഗുജറാത്തിലെ ഗോത്രവർഗ്ഗ ഭാഷാ അക്കാദമിയുടെ സ്ഥാപകനാണ് ഡോ. ഡേവി. തെഹൽക്കയിൽ ഈ ലേഖനം വന്നതിനെത്തുടർന്ന് ഗുജറാത്തി എഴുത്തുകാരെല്ലാം ഡോ. ഡേവിയുടെ നേരെ കുരച്ചുചാടുകയുണ്ടായി. ഡോ. ഡേവി പരസ്യമായി ക്ഷമാപണം നടത്തണമെന്നതായിരുന്നു അവരുടെ ആവശ്യം. ഡോ. ഡേവി വഴങ്ങിയില്ല. ഗുജറാത്തിലെ ഗോത്ര വർഗ്ഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന പൊതു പ്രവർത്തകനായ ഡോ. ഡേവി ഭീഷണികളെയെല്ലാം അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്) ❑

# ജയിലിൽ അടക്കപ്പെട്ട ഒരു ജനസേവകൻ

**- ആനന്ദ് പട്വർധൻ -**

**വി**നായക് സെന്നിനെ ഞാനാദ്യമായി കാണുന്നത് 1986 ലാണ്. ഛത്തീസ്ഗഢ് മുക്തിമോർച്ചയുടെ നേതാവെന്നനിലയിൽ അതിപ്രശസ്തനായിരുന്ന ശങ്കർ ഗുഹ നിയോഗിയുടെ ക്ഷണപ്രകാരമാണ് ഞാൻ ഭിലായിയിൽ എത്തിയത്. "ബോംബെ- നമ്മുടെനഗരം" എന്ന എന്റെ ഫിലിം ഛത്തീസ്ഗഢിലെ ഖനിതൊഴിലാളികളുടെ മുന്നിൽ പ്രദർശിപ്പിക്കാനാണ് ഞാൻ ചെന്നത്.

നിയോഗി ഒരു സാധാരണ ട്രേഡ് യൂണിയൻ നേതാവായിരുന്നില്ല. ഭിലായി ഉരുക്കുനിർമ്മാണശാലയിലെ ഒരു തൊഴിലാളിയായിരുന്ന അദ്ദേഹത്തിന്റെ ചിന്ത തൊഴിലാളികളുടെ വേതനത്തിനപ്പുറവും വ്യാപിച്ചിരുന്നു. മോർച്ചയിലെ അംഗങ്ങളിലധികവും വെറും കൂലിപ്പണിക്കാരായിരുന്നു; വളരെ കുറഞ്ഞ വേതനത്തിന്ന് എല്ലുമുറിയെ പണിയെടുക്കുന്ന തരക്കാർ. അവർ ദിവസവും വൈകുന്നേരം സമ്മേളിക്കുകയും ജീവിത പ്രശ്നങ്ങൾക്കുപുറമെ പ്രത്യയശാസ്ത്രപരമായ കാര്യങ്ങളും ചർച്ചാവിഷയമാക്കുകയും പതിവുണ്ട്. തീരുമാനങ്ങളെല്ലാം തീർത്തും ജനാധിപത്യപരമായിരുന്നു.

1981 ൽ നിയോഗിയുടെ പ്രവർത്തനങ്ങളാൽ പ്രചോദിതരായിട്ടാണ് ഡോ. വിനായക സെന്നും വേറെ രണ്ടു ഡോക്ടർമാരും ഖനി തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കാനായി എത്തിയത്. ഇവർ അവിടെ ഷഹീദ് ഹോസ്പിറ്റൽ എന്ന പേരിൽ ഒരു ആസ്പത്രി ആരംഭിച്ചു. ഖനിതൊഴിലാളികൾ സൗജന്യ സേവനത്തിലൂടെയാണിത് പടുത്തുയർത്തിയത്. അഞ്ചാറു കൊല്ലംകൊണ്ട് അത് 50 കിടക്കകളുള്ള ഒരാസ്പത്രിയായി വികസിച്ചു.



ഡോ. വിനായക സെൻ

നിയോഗിയും അദ്ദേഹത്തിന്റെ സഖാക്കളും വിഭാവനം ചെയ്തത് ഒരു മാർക്സിസ്റ്റ് വിപ്ലവമായിരിക്കാം; എന്നാൽ അതിൽ ഗാന്ധിയൻ ആശയങ്ങളും ധാരാളമുണ്ടായിരുന്നു. ഇടതുപക്ഷക്കാരുടെ പരാജയങ്ങളും ആധുനിക വികസന സമ്പ്രദായം വരുത്തുന്ന പാരിസ്ഥിതികാധപതനവും അവരെ അലട്ടിക്കൊണ്ടിരുന്നു. ഇടതുപക്ഷക്കാർക്കുണ്ടായ അപചയത്തോടൊപ്പം വിവിധ നക്ഷൽ ഗ്രൂപ്പുകൾ തമ്മിലുള്ള വഴക്കുകളും മനം മടുപ്പിക്കുന്നതായിരുന്നു. ഇതിന്റെ പരിണതഫലമായിരുന്നു നിയോഗിയുടെ മോർച്ച, മേധ പട്കറിന്റെ നർമ്മദാ ബചാവോ ആന്ദോളൻ തുടങ്ങിയവ.

മുംബായിലെ ചേരിവാസികളെക്കുറി

ച്ചുള്ള "ബോംബെ - നമ്മുടെ നഗരം"എന്ന ഫിലിമിന്റെ പ്രദർശനം വലിയൊരു വിജയമായിരുന്നു. മോർച്ച യുടെ ധനസ്ഥിതി മഹാമോശമായിരുന്നിട്ടും ഈ ഫിലിം പ്രദർശനത്തിന്നായി അവർ 10,000 രൂപ ചെലവാക്കി ഒരു പ്രൊജക്ടർ വാങ്ങി. തൊഴിലാളികളുടെ വിദ്യാഭ്യാസകാര്യത്തിൽ മോർച്ച എത്ര ശ്രദ്ധാലുവായിരുന്നുവെന്ന് ഇത് വ്യക്തമാക്കും. ആദ്യ ദിവസത്തെ പ്രദർശനത്തിന്ന് ആയിരത്തിൽ പരം തൊഴിലാളികളെത്തി; ഫിലിം പ്രദർശനത്തിന്നു ശേഷമുള്ള ചർച്ച രാത്രി വളരെ വൈകും വരെ നീണ്ടുനിന്നു. ഒടുവിൽ ഫിലിമിന്റെ ഒരു പ്രിന്റ് സ്വന്തമായി വാങ്ങി സൂക്ഷിക്കാൻ യോഗം തീരുമാനിച്ചു.

പിന്നീട് വരാമെന്നു പറഞ്ഞാണ് ഞാനന്നുപോന്നതെങ്കിലും എനിക്കതിന് സാധിച്ചില്ല. രാജ്യത്തിലെ വർഗ്ഗീയതയുടെ വേലിയേറ്റം ഞങ്ങളുടെയെല്ലാം ശ്രദ്ധ തെറ്റിച്ചു. നിയോഗിക്കും മോർച്ചക്കും ഒട്ടേറെ ശത്രുക്കളുണ്ടായി. തൊഴിലാളികളുടെ സംഘടനാശക്തി മുതലാളിമാരെ വിഷമിപ്പിച്ചു. മദ്യപാനം പോലെയുള്ള ശീലങ്ങളിൽ നിന്ന് തൊഴിലാളികളെ പിൻതിരിപ്പിച്ചതും ശത്രുക്കളെ സൃഷ്ടിച്ചു. നിസ്സാര കൂലിക്ക് തൊഴിലാളികളെ കിട്ടാതായത് കരാറുകാരേയും ക്ഷോഭിപ്പിച്ചു.

ഒടുവിൽ 1991 സെപ്തംബർ 27 ന്ന് രാത്രി കുടിലിൽ കിടന്നുറങ്ങിയിരുന്ന നിയോഗി വെടിയേറ്റുമരിച്ചു. ഘാതകൻമാർ ശിക്ഷിക്കപ്പെട്ടില്ല. കൊലപാതകത്തിന്റെ പിന്നിൽ ആരെല്ലാമാണെന്ന് എല്ലാവർക്കും അറിയാമായിരുന്നു. ശരിക്കും വെടിവച്ചവന്ന് വധശിക്ഷയും മറ്റ് അഞ്ചു പേർക്ക് ജീവപരന്തം തടവും നൽകിക്കൊണ്ട് ജില്ലാ ജഡ്ജി വിധി പ്രസ്താവിച്ചുവെങ്കിലും, തെളിവ് അപര്യാപ്തമാണെന്നു പറഞ്ഞ് ഹൈക്കോടതി എല്ലാവരേയും വെറുതെ വിടുകയാണുണ്ടായത്.

നിയോഗിയുടെ മരണത്തെത്തുടർന്ന് ജനകലാൽ ഠാക്കൂർ മോർച്ചയുടെ നേതൃത്വം ഏറ്റെടുത്തു. ഡോ. സെന്നും ഒരു അധ്യാപികകൂടിയായ ഭാര്യ ജലീനയും മോർച്ചക്കുള്ള സഹായ സഹകരണങ്ങൾ തുടർന്നുപോന്നു. ഈ അവസരത്തിലാണ് പൗരസ്വാതന്ത്ര്യയൂണിയന്റെ (പി.യു.സി.എൽ) ഛത്തീസ്ഗഡ് ശാഖയുടെ ജന. സെക്രട്ടറിയായി ഡോ. സെൻ ചുമതലയേറ്റത്.

നിയോഗിയുടെ വധവും ഗവർമ്മേണ്ടിന്റെ സാമ്പത്തിക നയ പരിഷ്ക്കരണവും ഛത്തീസ്ഗഡിലെ തൊഴിലാളികളുടെയും ആദിവാസികളുടേയും സ്ഥിതിയെ പരിതാപകരമാക്കി. ഈ ശൂന്യതയിലാണ് നക്ഷൽ പ്രസ്ഥാനത്തിന്റെ വളർച്ചയുണ്ടായത്. ഗവർമ്മേണ്ടിൽനിന്ന് ഇതിന്നെതിരായുണ്ടായ പ്രതികരണം ഇപ്പോൾ കുപ്രസിദ്ധമാണ്. പാവങ്ങളെ പരിശീലിപ്പിച്ച് തോക്കും കൊടുത്ത് വിടുന്ന ഏർപ്പാടാണത്. ഈ സായുധസംഘം സാൽവ ജൂഡും എന്നപേരിൽ അറിയപ്പെടുന്നു. ഇവർ നക്ഷൽ വേട്ടയെന്ന പേരിൽ ജനങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുകയാണിപ്പോൾ. സാൽവ ജൂഡൂമിൽ പെട്ടവരും പോലീസും അർദ്ധസൈനിക വിഭാഗങ്ങളും ചേർന്ന് നടത്തിവരുന്ന അതിക്രമങ്ങൾ ഒരു ഭാഗത്തും നക്ഷലുകൾ മറുഭാഗത്തുമായി ജനജീവിതം ദു:സ്സഹമാക്കുന്നു. പി.യു.സി.എൽ. ജനറൽ സെക്രട്ടറി എന്ന നിലയിൽ ഡോ. സെൻ സാൽവ ജൂഡും നടത്തുന്ന അതിക്രമങ്ങളുടെ വിവരം ശേഖരിച്ച് പ്രസിദ്ധീകരിക്കാറുണ്ട്. സ്വാഭാവികമായും ഗവർമ്മേണ്ട് പകപോക്കി. ജയിലിലുള്ള നക്ഷൽ നേതാവിനെ ഡോ. സെൻ സന്ദർശിക്കുകയും നക്ഷലുകളുടെ സന്ദേശവാഹകനായി പ്രവർത്തിക്കുകയും ചെയ്തുവെന്ന് ആരോപിച്ചുകൊണ്ട് ഗവർമ്മേണ്ട് ഡോ. സെന്നിന്നെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. ഡോ. സെൻ ഗവർമ്മേ

# ന്യായവാദവും യുക്തിവാദവും അധാർമ്മികമാകുമ്പോൾ

**കാ**ലാവസ്ഥയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് പല അന്താരാഷ്ട്രവേദികളിലും ഇതിന്നകം ചർച്ച നടന്നുകഴിഞ്ഞു. ഇതിലെ ഒന്നാം പ്രതിയായ അമേരിക്ക ഇപ്പോഴും ഇടത്തടിച്ചുനിൽക്കുകതന്നെ ചെയ്യുന്നു.

അന്തരീക്ഷൽ വൻതോതിൽ കാർബൺഡയോക്സൈഡ് (CO2) അടിഞ്ഞുകൂടുന്നതാണ് കാലാവസ്ഥാവ്യതിയാനത്തിന്ന് കാരണമായിത്തീരുന്നത്. ഇക്കാര്യത്തിൽ ശാസ്ത്രജ്ഞൻമാർക്കിടയിൽ പൊതുവെ അഭിപ്രായൈക്യമാണുള്ളത്. പത്തുകൊല്ലം മുമ്പ് ജപ്പാനിലെ ക്ലാട്ടോവിൽചേർന്ന അന്താരാഷ്ട്ര സമ്മേളനം അന്തരീക്ഷത്തിലേക്ക് വിസർജിക്കുന്ന കാർബൺ ഡയോക്സൈഡിന്റെ അളവ് കുറച്ചുകൊണ്ടുവരാനായി തീരുമാനിച്ചിരിക്കുന്നു. അമേരിക്ക അതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുതയാണുണ്ടായത്. ഈയിടെ അമേരിക്ക അല്പം വിട്ടുവീഴ്ച്ക്ക് തയ്യാറായിട്ടുണ്ടെങ്കിലും അത് പ്രശ്ന പരിഹാരത്തിന്റെ അടുക്കലൊന്നും എത്തുന്നില്ല.

2004 ലെ കണക്കു പ്രകാരം അന്തരീക്ഷത്തിലേക്ക് വിസർജിക്കപ്പെടുന്ന CO2 ഏകദേശം 2700 കോടി ടൺവരും. ഇതിൽ 590 കോടി ടണ്ണും അമേരിക്ക വിസർജിക്കുന്നതാണ്. ചീന 470 കോടി ടൺ, റഷ്യ 170 കോടി ടൺ, ജപ്പാൻ 130 കോടി ടൺ, ഇന്ത്യ 110 കോടി ടൺ എന്നിങ്ങനെയാണ് കണക്ക്. മറ്റുരാജ്യങ്ങൾ 110 കോടി ടണ്ണിൽ താഴെ മാത്രം CO2 വിസർജിക്കുന്നവയാണ്.

അന്തരീക്ഷത്തിലെ താപനില വർധിക്കുകയും കാലാവസ്ഥ പിഴക്കുകയും ചെയ്യുന്നത് അന്തരീക്ഷത്തിലേക്ക് വൻതോതിൽ CO2 വിസർജിക്കുന്നതു മൂലമാണെന്നും ഇതിന്ന് വേഗം തന്നെ തടയിടാത്തപക്ഷം പ്രകൃതിക്ഷോഭ ⇨

---

ണ്ടിന്റെ അനുമതിവാങ്ങിയാണ് ജയിലിൽ സന്ദർശനം നടത്തിയതെന്നതും ആ കൂടിക്കാഴ്ച പോലീസിന്റെ സാന്നിധ്യത്തിലായിരുന്നുവെന്നതും അവർക്കൊരു പ്രശ്നമായിരുന്നില്ല. ഏതായാലും മേയ് 14 ന്ന് ഡോ. സെൻ പോലീസിൽ നേരിട്ട് ഹാജരായി അറസ്റ്റ് വരിച്ചു.

ജനസേവകനായ ഒരു ഡോക്ടറെ അറസ്റ്റ്ചെയ്തതിന്നെതിരെ ഛത്തീസ്ഗഡിൽ മാത്രമല്ല വിദേശങ്ങളിൽ പോലും പ്രതിഷേധമുയർന്നിട്ടുണ്ട്. ആംനെസ്റ്റി ഇന്റർ നാഷണൽ ഡോ. സെന്നിന്റെ കാര്യം ഏറ്റെടുത്തിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തുമുള്ള ഡോക്ടർമാരും ഗവർമ്മേണ്ടിന്റെ അതിക്രമത്തിന്നെതിരായി പ്രതിഷേധിച്ചു. പാവങ്ങളിൽവച്ച് പാവങ്ങളായ ജനങ്ങൾക്കിടയിൽ അവരിലൊരാളെപ്പോലെ ജീവിക്കുകയും സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന, അപൂർവ്വങ്ങളിൽവച്ച് അപൂർവ്വമായ തരത്തിൽപെട്ട, ഒരു ഡോക്ടറെയാണ് ഗവർമ്മേണ്ട് പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്നെതിരായ ഞങ്ങളുടെ മുറവിളി ബധിര കർണ്ണങ്ങളിലാണ് പതിച്ചുകൊണ്ടിരിക്കുന്നത്.

ഡോ. വിനായക സെൻ സൗമ്യനായ ദയാലുവായ ഒരു മനുഷ്യനാണ്. ഇദ്ദേഹത്തെ കാണാനും പരിചയപ്പെടാനും കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഭരണകൂടത്തിന്റെ അതിക്രമങ്ങളെ തുറന്നുകാണിച്ചതിന്ന് ഇദ്ദേഹത്തെ നക്ഷലായി കണക്കാക്കാമെങ്കിൽ, ശരി, നിങ്ങൾക്കെന്നേയും ഒരു നക്ഷലായി കണക്കാക്കാം. (പ്രസിദ്ധനായൊരു ഡോക്കുമെന്ററി ഫിലിം നിർമ്മാതാവാണ് പട് വർധൻ) ❑

ങ്ങൾമൂലം ജീവിതം ദുസ്സഹമാകുമെന്നും ശാസ്ത്രജ്ഞൻമാർ പറയുന്നു. കാലാവസ്ഥാവ്യതിയാനം ഇപ്പോൾതന്നെ പ്രകടമാണ്. വേനൽക്കാലത്തെ ചൂട് അസഹ്യമായിത്തീരുന്നു. കൊടുംകാറ്റുകളുടേയും ചുഴലിക്കാറ്റുകളുടേയും എണ്ണയും തീവ്രതയും വർധിക്കുന്നു. സർവ്വസ്വത്തേയും ഉണക്കിക്കളയുന്ന വരൾച്ചക്കു പിന്നാലേ സകലതിനേയും മുക്കിക്കളയുന്ന പേമാരിയുണ്ടാകുന്നു. ഇത്തരം പ്രകൃതി കോപങ്ങളുടെ രൂക്ഷത കൊല്ലംതോറും വർധിച്ചുകൊണ്ടേയിരിക്കുന്നു.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ചർച്ചചെയ്യാൻ ഈയിടെ ജർമ്മനിയിൽവച്ച് വൻകിട രാജ്യങ്ങളുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. എന്നാൽ അന്തരീക്ഷ താപനില വർധിക്കുന്നത് തടയാൻ ആരുനടപടിയെടുക്കണമെന്നകാര്യത്തിലും എന്തുചെയ്യണമെന്നകാര്യത്തിലും യോജിപ്പുണ്ടായില്ല. ഇന്ത്യ, ചീന, ബ്രസീൽ എന്നിവ എന്തെങ്കിലും ബാധ്യതയേൽക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. ഇന്ത്യയിലെ ദാരിദ്ര്യനിർമ്മാർജനത്തിന്ന് സാമ്പത്തിക വികസനം കൂടിയേ തീരൂ എന്നും അതിനാൽ വ്യവസായ വികസനവും CO2 വിസർജനവും കൂട്ടുമെന്നും പ്രധാനമന്ത്രി ഡോക്ടർ മൻമോഹൻസിങ്ങ് പറഞ്ഞു. അല്ലെങ്കിലും ഇന്ത്യയുടെ CO2 വിസർജനം താരതമ്യേന തുഛമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ചീനയും ബ്രസീലും ഇതേ നിലപാടുതന്നെയാണ് സ്വീകരിച്ചത് വിവിധരാജ്യങ്ങളുടെ ആളോഹരി CO2 വിസർജനം കണക്കാക്കുന്നപക്ഷം ഇത് ശരിയാണ്. അമേരിക്ക ആളൊന്നുക്ക് 2306 ടൺ CO2 വിസർജിക്കുമ്പോൾ ജപ്പാൻ 13 ടണ്ണും റഷ്യ പത്തു ടണ്ണും ചീന 4.7 ടണ്ണും ഇന്ത്യ ഒരു ടണ്ണുമാണ് വിസർജിക്കുന്നത്. അതുകൊണ്ടുതന്നെ CO2 വിസർജനം നിയന്ത്രിക്കാനുള്ള ബാധ്യത ഏൽക്കണമെന്ന ആവശ്യം ഇന്ത്യ തിരസ്കരിക്കുന്നതിൽ ന്യായമുണ്ട്; യുക്തിയുണ്ട്. അമേരിക്കക്ക് മിടുക്കുകാണിക്കാൻ കഴിയുന്നതിന്നായി ഇന്ത്യ എന്നും ദാരിദ്ര്യത്തിൽ കിടന്നുകൊള്ളണമെന്നു പറഞ്ഞാൽ പറ്റില്ലല്ലോ.

ഇത്രയും ശരിയാണെന്നിരിക്കലും ഇതിന്നൊരു മറുവശമുണ്ട്. ഒരാൾ തെറ്റു ചെയ്യുന്നുണ്ടെന്നത് മറ്റൊരാൾക്ക് തെറ്റു ചെയ്യാനുള്ള അവകാശമാകുമോ? ചിലർ മോഷ്ടിക്കുന്നതുകൊണ്ട് ഞാനും മോഷ്ടിക്കും എന്നു പറയാനാകുമോ? ലോകത്തിന്ന് വിനാശകരമായ നയങ്ങളാണ് അമേരിക്ക അനുവർത്തിക്കുന്നതെന്ന് ഇന്ത്യക്ക് ബോധ്യമുണ്ടെങ്കിൽ, ഇന്ത്യ ആ മാർഗ്ഗം പിൻതുടർന്നു കൂടാ. സാമ്പത്തിക വികസനത്തിന്നും ദാരിദ്ര്യ നിവാരണത്തിന്നും പെട്രോളും കൽക്കരിയും കത്തിച്ചേ തീരൂ എന്നില്ല. ഇവക്ക് ബദലുകൾ കണ്ടെത്താൻ നമുക്ക് ശ്രമിക്കാവുന്നതേയുള്ളൂ.

ഇന്ത്യയുടെ ഊർജോപയോഗത്തിൽ പകുതിയും കൽക്കരിയിൽനിന്നാണ്; ഇതിലധികവും വൈദ്യുതോല്പാദനത്തിന്നാണ് ഉപയോഗിക്കുന്നത്. ഇന്ത്യൻ വൈദ്യുതോല്പാദന കേന്ദ്രങ്ങളുടെ കാര്യക്ഷമത 35 ശതമാനത്തിലും താഴെയാണ്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയാൽ കാര്യക്ഷമത വർധിപ്പിക്കാൻ കഴിയും. ഹിമാലയ സാനുക്കളിൽ ജലവൈദ്യുതോല്പാദനത്തിന്ന് വമ്പിച്ച സാധ്യതകളുണ്ട്. പക്ഷെ ഭാവനാപൂർണ്ണമായ പദ്ധതികൾ ഇതിന്നാവശ്യമായി വരും. ഒരുപാട് ജനങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരുമെന്നതാണ് പ്രധാന പ്രശ്നം. അണു വൈദ്യുതിയാണ് മറ്റൊരു പ്രധാന ഊർജസ്രോതസ്സ്. പക്ഷെ ഇന്ത്യക്ക് വേണ്ടത്ര യുറേനിയമില്ലെന്നത് ഒരു പ്രശ്നമാണ്. ഊർജത്തിന്റെ ആകർഷകമായ മറ്റൊരു ഉറവിടം സൗരോർജമാണ്. ഇന്ത്യക്ക് സൗരോർജം സുലഭമാണ്; ഇതിന്റെ സാമ്പത്തികവശം മാത്രമാണ് ഇപ്പോഴത്തെ പ്രശ്നം.

# പോലീസ് അതിക്രമങ്ങളെ അഭിനന്ദിക്കുന്നവർ

**- കെ.എസ്. ധില്ലൻ -**

**കഴിഞ്ഞ** കൊല്ലം ഗുജറാത്തിലെ അഹമ്മദാബാദിലുണ്ടായ ഒരു കൃത്രിമ ഏറ്റുമുട്ടലിൽ സൊഹറാബുദീൻ ഷേഖ്, അയാളുടെ ഭാര്യ കൗസർബി, ഒരു പോലീസ് ഏജന്റ് എന്നിവർ കൊല്ലപ്പെട്ട സംഭവം നാട്ടിൽ കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്. മൂന്ന് ഐ.പി.എസ്. ഓഫീസർമാരാണിതിലെ പ്രധാന പ്രതികൾ. ഭീകരമായ ഈ സംഭവത്തിൽ ജനങ്ങൾക്കുണ്ടായ ക്ഷോഭം ഒരാൾക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ വൻസാര എന്ന പോലീസ് മേധാവിക്കും കൂട്ടുപ്രതികൾക്കും ചില രാഷ്ട്രീയ നേതാക്കളടക്കമുള്ള ജനങ്ങളിൽനിന്നു ലഭിച്ച പിന്തുണയും അഭിനന്ദനങ്ങളും ഒരാൾക്ക് എളുപ്പത്തിൽ ദഹിപ്പിക്കാനാവില്ല.

ഗുജറാത്തിലേത് പുതിയൊരു സംഭവവികാസമൊന്നുമല്ല. കുറച്ചുകാലം മുമ്പ് പഞ്ചാബ് പോലീസിന്നും ജനങ്ങളിൽനിന്ന് ഇത്തരം അനുമോദനങ്ങൾ ലഭിക്കുകയുണ്ടായി. സിക്ക് കലാപകാരികളെ കണ്ണിൽ ചോരയില്ലാത്ത വിധത്തിൽ നേരിട്ടതിന്നായിരുന്നു ആ അഭിനന്ദന പ്രവാഹം. കേന്ദ്ര ഭരണത്തിലായിരുന്ന പഞ്ചാബിൽ പോലീസ് ഇത്രയും ക്രൂരമായി, മൃഗീയമായി പെരുമാറിയത് രാഷ്ട്രീയ നേതൃത്വത്തിന്റെ പൂർണ്ണ പിന്തുണയുണ്ടായിരുന്നതുകൊണ്ടാണെന്ന് വ്യക്തം.

പഞ്ചാബികൾ മാത്രമല്ല ഇന്ത്യയിലെ ജനങ്ങളിൽ വലിയൊരു ഭാഗവും പോലീസിന്റെ സംഹാര താണ്ഡവങ്ങളെ അനുമോദിക്കുന്നവരാണ്. ആളുകളെ തട്ടിക്കൊണ്ടുപോകൽ, ആളുകൾ അപ്രത്യക്ഷരാകൽ, ഭീഷണിപ്പെടുത്തി പണം കയ്ക്കലാക്കൽ, മൃഗീയമായ കൊലപാതകങ്ങൾ നടത്തൽ എന്നിവയെല്ലാം പോലീസിന്റെ പരിപാടികളിൽ പെടുന്നു.

വാസ്തവത്തിൽ, കൃത്രിമ സംഘട്ടനത്തെ തികഞ്ഞൊരു കലയാക്കി വളർത്തിയെടുത്തത് പഞ്ചാബ് പോലീസാണ്. ഭീകരരാണെന്ന് സംശയിക്കപ്പെടുന്നവരെ അന്യനാടുകളിൽപോയി റാഞ്ചിയെടുത്ത്, ആരുമറിയാതെ പഞ്ചാബിൽ കൊണ്ടുവന്ന് കൊന്നു തള്ളുന്നത് അന്നുപതിവായിരുന്നു. ഗുജറാത്തിലെ വൻസാരയും കൂട്ടുപ്രതികളും ⇨

---

ഊർജോല്പാദനം പോലെത്തന്നെ പ്രധാനമാണ് ഊർജത്തിന്റെ ദുരുപയോഗം ഒഴിവാക്കൽ. റെയിൽവേയാകെ വൈദ്യുതീകരിക്കുകയും റെയിൽവേയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്താൽ ട്രാൻസ്പോർട്ട് രംഗത്ത് ഒരുപാട് പെട്രോൾ ലാഭിക്കാൻ കഴിയും. വൻകിട നഗരങ്ങളിൽ മെട്രോ റയിൽവേയും ചെറുകിട നഗരങ്ങളിൽ എലക്ട്രിക് ട്രോളികളും ഏർപ്പെടുത്താം. വ്യവസായം, കൃഷി, ഗാർഹികാവശ്യങ്ങൾ എന്നീരംഗങ്ങളിലെല്ലാം ഒരുപാട് ഊർജ ദുർവിനിയോഗം നടന്നുവരുന്നുണ്ട്.

വ്യവസായവൽകൃതരാജ്യങ്ങൾ വിസർജിക്കുന്നിടത്തോളം $CO_2$ ഇന്ത്യ വിസർജിക്കുന്നില്ലെന്നത് നമുക്കൊരു സമാധാനമായിക്കൂടാ. ഈ ഭൂഗോളത്തെ അതിതാപത്തിൽനിന്നും രക്ഷിച്ചെടുക്കാനുള്ള യത്നത്തിൽ ഇന്ത്യയും തന്നാലാവുന്നത് ചെയ്യേണ്ടതുണ്ട്. അതൊരു ധാർമ്മികമായ ബാധ്യതയാണ്. ❑

വളരെയധികം സമ്പത്ത് ആർജിച്ചിട്ടുണ്ട് എന്നാണെങ്കിൽ, പഞ്ചാബിലും അതു തന്നെയാണുണ്ടായത്. ചണ്ഡിഗഡിലും ചുറ്റുമുള്ള പ്രദേശങ്ങളിലും ഉയർന്നുവന്നിരിക്കുന്ന മണിമാളികകളും കൃഷിത്തോപ്പുകളും ഹോളിഡേ റിസോർട്ടുകളും അതിന്റെ നിത്യ സ്മാരകങ്ങളാണ്. എന്നിട്ടും പഞ്ചാബിലെ കാളരാത്രികളെപ്പറ്റി ആരും ഒന്നും മിണ്ടുന്നില്ല. ഏതായാലും ഭീകരവേട്ടക്കും ഭീകരവിരുദ്ധ തന്ത്രങ്ങൾക്കും പഞ്ചാബിലെ കാളരാത്രികൾ ഒരു മാതൃകയായിട്ടുണ്ട്-അതായത് സർക്കാർ ഭീകരത.

ആപൽക്കരമായൊരു പ്രവണതയാണിത്. ക്രിമിനലുകൾക്കെതിരെ, അവർ ഏതു തരക്കാരായാലും ശരി, മാരകമായ ആയുധങ്ങൾ പ്രയോഗിക്കാൻ ഇന്ത്യയിലെ ഒരു നിയമവും അനുവദിക്കുന്നില്ല. സ്വന്തം ജീവൻ അപകടത്തിലാണെന്നുവരുമ്പോൾ, സ്വരക്ഷക്ക് മറ്റ് മാർഗ്ഗമൊന്നുമില്ലെന്നു വരുമ്പോൾ, മാത്രമെ അന്യനെതിരെ മാരകായുധം പ്രയോഗിക്കാൻ നിയമം അനുവദിക്കുന്നുള്ളു. സ്വകാര്യ വ്യക്തികൾക്കെന്ന പോലെ പോലീസിന്നും ആത്മരക്ഷക്കായി ആയുധം ഉപയോഗിക്കാം. അതിനാൽ പോലീസുകാർ നടത്തുന്ന ഏറ്റുമുട്ടൽമരണങ്ങൾക്ക് യാതൊരുവിധ ന്യായമോ നിയമസാധുതയോ ഇല്ല.

ഇങ്ങനെയാണെങ്കിലും കണ്ണിൽ ചോരയില്ലാതെ കൊലപാതകം നടത്തുന്നത് ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ പോലീസിന്റെ അംഗീകൃത രീതിയായിക്കൊണ്ടിരിക്കുകയാണ്. കൊള്ളക്കാർ, ക്രിമിനലുകൾ, തീവ്രവാദികൾ, ഭീകരൻമാർ എന്നിവരെ തല്ലിക്കൊല്ലുകയും അത് സംഘട്ടനമരണത്തിന്റെ കണക്കിൽ കൊള്ളിക്കുകയുമാണ് പോലീസ് ചെയ്യുന്നത്. നമ്മുടെ നിയമ സംവിധാനവും നീതിന്യായ രീതിയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആശയങ്ങളിൽ വേരൂന്നിയതാണെന്നതാണ് ഇതിന്നൊരു കാരണം. തീവ്രവാദികളും ഭീകരൻമാരും ഉയർത്തുന്ന ഭീഷണികളെ സത്വരമായും ഫലപ്രദമായും നേരിടാൻ ഈ നിയമസംവിധാനത്തിന്നും നീതിന്യായ രീതിക്കും കഴിയുന്നില്ല.

അതിന്നുപുറമെ നമ്മുടെ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥ പ്രമാണികൾക്കും "ഏറ്റുമുട്ടൽ മരണം" അരുതാത്ത ഒന്നാണെന്ന ബോധമില്ല. ഭീകരപ്രവർത്തനം, തീവ്രവാദം ക്രിമിനൽ പ്രവർത്തനം എന്നിവയെ നിർദ്ദയം അടിച്ചമർത്താൻ "ഏറ്റുമുട്ടലു"കളും ആകാമെന്ന് അവർ വിശ്വസിക്കുകയും ചെയ്യുന്നു. തന്മൂലം സ്വതവേ നല്ലവരായ നാട്ടുകാർക്കിടയിൽപ്പോലും ഏറ്റുമുട്ടലിന് അംഗീകാരവും സ്വീകാര്യതയും വരുന്നു. വെടിവച്ചുകൊന്നവനെ അവർ പ്രകീർത്തിക്കുന്നു.

മധ്യേന്ത്യൻ സംസ്ഥാനങ്ങളിൽ വളർന്നുവരുന്ന മാവോയിസ്റ്റ് പ്രശ്നത്തെ നേരിടാനും ഇതേ തന്ത്രം പ്രായോഗികമാക്കാമെന്ന് സൈനിക നേതാക്കൾ പരസ്യമായും രാഷ്ട്രീയ നേതാക്കൻമാർ രഹസ്യമായും പറയുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ഐ.പി.എസ്. ഉദ്യോഗസ്ഥൻമാരടക്കമുള്ള പോലീസുകാർ കുറുക്കുവഴികൾ നോക്കുന്നതിൽ അത്ഭുതപ്പെടാനുണ്ടോ? ഇത്തരം പ്രവൃത്തികൾക്ക് സമ്മാനമായി മെഡലും ജനങ്ങളുടെ അഭിനന്ദനവും കിട്ടുമെന്നുകൂടി വന്നാലോ?

അടിയന്തിരമായി തിരുത്തൽ നടപടികൾ സ്വീകരിക്കാത്തപക്ഷം, നാനാവിധ പ്രശ്നങ്ങളെ നിയമ വിധേയമായ രീതിയിൽ നേരിടാനുള്ള നമ്മുടെ പോലീസിന്റെ ശേഷി ഇനിയും ക്ഷയിക്കും. ഒരാധുനിക ജനാധിപത്യ ഭരണ സംവിധാനത്തിന്റെ മൂലക്കല്ലായ നിയമവാഴ്ച തകർന്നടിയുമെന്നതായിരിക്കും അതിന്റെ അനന്തരഫലം.

(പഞ്ചാബിലെ മുൻ പോലീസ് ഡയറക്ടർ ജനറലാണ് ലേഖകൻ) ❑

# പ്രത്യയശാസ്ത്രം മരിക്കുമ്പോൾ ആൾ ദൈവങ്ങൾ ജനിക്കുന്നു

സ്വാതന്ത്ര്യസമരത്തിന്റെ ചൂടും പൊതുവിദ്യാഭ്യാസത്തിന്റെ കാറ്റും കൂടി കേരളത്തിൽ ഏതാണ്ട് ഒരു അരനൂറ്റാണ്ടുകാലം ഇടതുപക്ഷ ചിന്താഗതിക്ക് ഒരു വേലിയേറ്റം തന്നെയുണ്ടാക്കി. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ സമൂഹത്തിന്റെ അടിതട്ടിൽ കോളിളക്കം സൃഷ്ടിച്ചപ്പോൾ നമ്പൂതിരി സമുദായത്തിലെ പരിഷ്കരണ പ്രസ്ഥാനം സമൂഹത്തിന്റെ ഉപരിതലത്തിലും ചലനം സൃഷ്ടിച്ചു. ചുരുക്കത്തിൽ സമൂഹത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവർക്കിടയിലെല്ലാം പുരോഗമനാശയങ്ങൾ വെട്ടിത്തിളങ്ങി. മഹാകവികൾ, സാഹിത്യകാരന്മാർ, കലാകാരൻമാർ അധ്യാപകർ, പൊതുപ്രവർത്തകർ തുടങ്ങിയവരെല്ലാം ഈ ഇടതുപക്ഷ ചിന്താഗതിക്ക് വിധേയരായി. അതിന്റെ മൂർധന്യാവസ്ഥയിലാണ് നാം 1957 ലെ നിയമസഭാതിരഞ്ഞെടുപ്പിനെ നേരിട്ടത്. പ്രത്യയശാസ്ത്രപരമായ ഈ വേലിയേറ്റം ഏതാണ്ട് പത്തുകൊല്ലം നീണ്ടുനിന്നുവെന്നു പറയാം.

1967 ആയപ്പോഴേക്കും സമൂഹത്തിൽ പ്രത്യയശാസ്ത്രപരമായ ജീർണതകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇതിന്നുകാരണങ്ങൾ പലതാണ്. അന്താരാഷ്ട്ര രംഗത്ത് സ്റ്റാലിനുണ്ടായ സ്ഥാനഭ്രംശം, ഇന്ത്യയിൽ ഇന്ദിരാഗാന്ധിയുടെ ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾ, കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കിയത്-ഇതെല്ലാം സാധാരണക്കാരുടെ വിശ്വാസങ്ങൾക്ക് ഷോക്കേൽപ്പിച്ചു. അത്ഭുതമെന്നു പറയട്ടെ, നേതാക്കൻമാർക്ക് പറയാൻ ഏറെ ഞായങ്ങളുണ്ടായിരുന്നു. ഇന്ദിരാഗാന്ധി ജനാധിപത്യ ധ്വംസനം നടത്തിയത് പാവങ്ങളുടെ ദാരിദ്ര്യനിർമ്മാർജനത്തിന്നായിരുന്നു; കേരളത്തിൽ കമ്യൂണിസ്റ്റുകാർ വർഗ്ഗീയ കക്ഷികളുമായി സഖ്യമുണ്ടാക്കിയത് ന്യൂനപക്ഷ സംരക്ഷണത്തിന്നായിരുന്നു. പക്ഷെ സാധാരണക്കാർക്ക് ദഹിക്കുന്ന വയായിരുന്നില്ല ഈ ന്യായവാദങ്ങളൊന്നും. തങ്ങൾ പൂജിച്ചുവന്നിരുന്നത് കള്ള ദൈവങ്ങളെയായിരുന്നുവെന്നറിഞ്ഞപ്പോൾ അവർ നടുങ്ങിപ്പോയി.

വിശ്വാസമാണ് മനുഷ്യനെ നിലനിർത്തുന്നത്. ആരെയെങ്കിലും, എങ്ങനെയെങ്കിലും, വിശ്വസിക്കാതെ മനുഷ്യന്ന് ജീവിക്കാനാവില്ല. തങ്ങൾ ഇക്കാലമത്രയും വിശ്വസിച്ചാശ്രയിച്ചുവന്ന പ്രത്യയശാസ്ത്രം തങ്ങളെ വഞ്ചിച്ചിരിക്കുന്നതായി ജനങ്ങൾ മനസ്സിലാക്കി. ഇന്നലെവരെ ആർക്കെല്ലാം "ജയ്" വിളിച്ചിരുന്നുവോ, അവരെല്ലാം കള്ള ദൈവങ്ങളാണെന്നു കണ്ടറിഞ്ഞ ജനങ്ങളുടെ മനസ്സാകെ തളർന്നു.

1970 കളിലും 1980 കളിലും ഇന്ത്യയിലെ ജനങ്ങൾ പൊതുവേയും കേരളീയർ പ്രത്യേകിച്ചും ഈയൊരു വിശ്വാസത്തകർച്ചയുടെ കൊടും ചൂടിൽ കിടന്നു വേവുകയായിരുന്നു. ചതിക്കാത്ത വഞ്ചിക്കാത്ത ഒരു വിശ്വസ പ്രമാണത്തിന്നുവേണ്ടി അവർ ഉഴന്നു നടന്നു. തിരസ്കൃതമായ മതവിശ്വാസങ്ങൾക്ക് പുതിയൊരു ജീവൻ കിട്ടിയത് ഈ ഘട്ടത്തിലാണ്. മതം മയക്കുമരുന്നല്ല, വിശ്വസിച്ചാശ്രയിക്കാവുന്ന പ്രമാണമാണെന്ന് അവർക്ക് തോന്നി. ഇന്ത്യയിലാകെ ആൾദൈവങ്ങൾ അവതരിക്കാനുണ്ടായ സാഹചര്യം ഇതാണ്.

ഇന്ത്യയിലിന്ന് നൂറുകണക്കിന്ന് ആൾ ദൈവങ്ങളുണ്ട്. ശ്രീ ശ്രീ രവിശങ്കർ, അമൃതാനന്ദമയി തുടങ്ങിയ വൻകിട

ക്കാർ തുടങ്ങി അഷ്ടിക്ക് വകയുണ്ടാക്കുന്ന പാവങ്ങൾവരെ ഇതിൽ പെടും. വോട്ടുവേണ്ട നോട്ടുമതി എന്നതാണ് ഈ ആൾ ദൈവങ്ങൾക്കുള്ള മെച്ചം. വോട്ടിന്റെ പ്രശ്നമില്ലാത്തതിനാൽ വഞ്ചനയുടെ പ്രശ്നവും ഉത്ഭവിക്കുന്നില്ല. ആൾദൈവങ്ങൾക്കിടയിലും കള്ള വേഷങ്ങളുണ്ടെങ്കിലും അത് അപൂർവ്വമാണ്. ആൾദൈവത്തിന്നു വലുപ്പം കൂടുംതോറും വിശ്വാസ്യതയും വർധിക്കും.

ആർട്ട് ഓഫ് ലിവിങ്ങിന്റെ ഉപജ്ഞാതാവായ ശ്രീശ്രീ രവിശങ്കറിന് 400 കോടി രൂപയുടെ വരുമാനമുണ്ടെന്നാണ് പറയുന്നത്. അനേകം ഇൻസ്റ്റിട്യൂട്ടുകളും ഫാർമസികളും ഹെൽത്ത് സെന്ററുകളും ഇദ്ദേഹത്തിന്റെ വകയായിട്ടുണ്ട്. അമൃതാനന്ദമയിക്കും 400 കോടി രൂപയുടെ വരുമാനം കണക്കാക്കപ്പെടുന്നു. ഒട്ടേറെ സ്കൂളുകളും ആസ്പത്രികളും ഇവർ നടത്തുന്നുണ്ട്. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും ഇവർക്ക് സംഭാവന ലഭിച്ചുവരുന്നു. ഹരിദ്വാരിലെ ബാബാ രാംദേവിന്നും 400 കോടിയുടെ വരുമാനം കണക്കാക്കപ്പെടുന്നു. ഇന്ത്യയുടെ നാനാഭാഗങ്ങളിലും ധ്യാനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ള സുധാംശു മഹാരാജാവിന്ന് 300 കോടിയുടെ വരുമാനമാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യക്കകത്തും പുറത്തും പണക്കാരുടെ വീടുകളിൽ പ്രഭാഷണം നടത്തുന്ന ആളാണിദ്ദേഹം.

കേന്ദ്രഗവർമ്മേണ്ടിന്റെ സാമ്പത്തിക നയപരിഷ്കാരത്തിന്റെ വലിയ ഗുണഭോക്താക്കൾ ആൾ ദൈവങ്ങളാണെന്ന് കൽക്കത്ത യുക്തിവാദി സംഘടനയുടെ വക്താവായ പ്രദീപ് ഘോഷ് പറയുന്നു. ഹരിദ്വാരിലെ ബാബാ രാംദേവിന്റെ ആശ്രമത്തിൽ അംഗത്വത്തിന്ന് 11000 ക. മുതൽ 5 ലക്ഷം രൂപവരെ കൊടുക്കണം. സാധാരണ അംഗത്വത്തിന്ന് 11000 ക., ബഹുമാന്യ അംഗത്വത്തിന്ന് 21000 രൂപ, സ്പെഷൽ അംഗത്വത്തിന്ന് ഒരു ലക്ഷം, റിസെർവ്വ്ഡ് അംഗത്വം 2.51 ലക്ഷം, സ്ഥാപക അംഗത്വം 5 ലക്ഷം. ഹരിദ്വാരിലും മധ്യപ്രദേശിലും ഇദ്ദേഹം ഓരോ സർവ്വകലാശാല സ്ഥാപിച്ചുവരുന്നുണ്ട്. ഇതിന്നുള്ള ഭൂമി സർക്കാർ സൗജന്യമായി നൽകി. ആർട്ട് ഓഫ് ലിവിങ്ങിന്റെ വക്താവായ ശ്രീശ്രീ രവിശങ്കറിന്ന് ബാംഗ്ലൂരിനടുത്ത് ഒരുകുന്ന് ഒന്നാകെ പതിച്ചു നൽകിയിട്ടുണ്ട്. അവിടെ ഒരു മൂന്നുനില കെട്ടിടത്തിലാണ് ആശ്രമം. അടുത്തൊരു കൃത്രിമ തടാകം ഉണ്ടാക്കിയിട്ടുണ്ട്. ഹെലി പാഡ്, ഡൈനിങ്ങ് ഹാൾ, സൈബർ കഫെ, ബുക് ഷോപ്പ്, ഫാർമസി, ക്വാർട്ടേഴ്സ് എന്നിവയെല്ലാം അവിടെ സജ്ജീകരിച്ചിരിക്കുന്നു. ഈയിടെ ആർട്ട് ഓഫ് ലിവിങ്ങിന്റെ രജതജൂബിലി ആഘോഷിച്ചു. 125 രാജ്യങ്ങളിൽനിന്നായി അഞ്ചുലക്ഷത്തിൽപരം പേർ ആഘോഷങ്ങളിൽ പങ്കെടുത്തു പ്രതിനിധി ഫീസ് ആളൊന്നുക്ക് 5000 രൂപയായിരുന്നു.

പൂനയിലെ ഓഷോ ഇന്റർനാഷണൽ മെഡിറ്റേഷൻ റിസോർട്ട് പ്രസിദ്ധമാണ്. 40 ഏക്കറിലാണിത് സ്ഥാപിച്ചിരിക്കുന്നത്. ഓഷോവിന്റെ മരണത്തിന്നുശേഷം ആശ്രമം തളർന്നിട്ടില്ലെന്നല്ല അത് മൂന്നിരട്ടി വളർന്നിട്ടുമുണ്ട്. ഓഷോ കൃതികൾ 55 ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓഷോവിന്റെ ഗസ്റ്റ് ഹൗസിൽ എയർ കണ്ടീഷൻ ചെയ്ത 60 മുറികളാണുള്ളത്. രണ്ടുരാത്രിയടക്കം മൂന്നു ദിവസത്തേക്ക് ഒരാൾ നൽകേണ്ടത് 8250 രൂപയാണ്. (രണ്ടാൾക്ക് 12500 രൂപ) സ്വിമ്മിങ്ങ് പൂളടക്കമുള്ള എല്ലാ പഞ്ചനക്ഷത്ര സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

അമൃതാനന്ദമയിക്ക് വലിയൊരു ഭക്തസമൂഹമുണ്ട്. സ്വന്തമായി ഒരു ടെലിവിഷൻ ചാനൽ നടത്തുന്നതിന്നു പുറമെ 32 സ്കൂളുകൾ, 12 ക്ഷേത്രങ്ങൾ, ഒരു സൂപ്പർ സ്പെഷാലിറ്റി ആസ്പത്രി, ഒരു

കല്പിത സർവ്വകലാശാല എന്നിവയെല്ലാം അവർനടത്തിവരുന്നു. വിദേശത്തു നിന്നും ഏറ്റവും അധികം സംഭാവന ലഭിക്കുന്നതിൽ രണ്ടാം സ്ഥാനം അമൃതാനന്ദമയിക്കാണെന്ന് അധികൃതർ പറയുന്നു. സുനാമി പുനരധിവാസത്തിന്നായി അമൃതാനന്ദമയി 100 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കാശ്മീരിൽ ഭൂകമ്പമുണ്ടായപ്പോഴും അവർ ഉദാരമായി സഹായിച്ചു. അമേരിക്കയിലുണ്ടായ കത്രീന ചുഴലിക്കാറ്റിൽപെട്ടവരുടെ പുനരധിവാസത്തിന്ന് അവർ പത്തുലക്ഷം ഡോളർ നൽകി. മഹാരാഷ്ട്രത്തിലെ വിദർഭയിലെ കർഷകർക്ക് 200 കോടിയുടെ സഹായം നൽകാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

ദൽഹിയിൽ ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ് (ഇസ്കോൺ) വലിയൊരു ക്ഷേത്രം നിർമ്മിച്ചിട്ടുണ്ട്. അവിടെ അംഗത്വഫീസ് 10,000 രൂപയാണ്. ഇവർ 400 ക്ഷേത്രങ്ങളും 100 വെജിറ്റേറിയൻ സ്റ്റോറുകളും നടത്തുന്നുണ്ട്.

ഇന്ത്യയിലെ ജനങ്ങളിൽ പകുതിയുടേയും ചിന്താമണ്ഡലത്തിന്ന് പുറത്താണ് ഈ ആൾദൈവങ്ങൾ. അത്താഴത്തിന്ന് വകയുണ്ടാക്കാൻ പാടുപെടുന്നവർക്ക് ആൾദൈവങ്ങൾ പ്രശ്നമല്ല. എന്നാൽ ഇന്ത്യയിലെ ഇടത്തരക്കാർ ഇവരുടെ ആകർഷണവലയത്തിൽ പെട്ടുപോകുന്നു. യഥാർത്ഥത്തിൽ ഈ ഇടത്തരക്കാരാണ് രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നതെന്നോർക്കുമ്പോഴാണ് ഈ ആൾ ദൈവങ്ങളുണ്ടാക്കാവുന്ന ആപത്തിനെക്കുറിച്ച് ബോധം വരിക.

ചരിത്രത്തിലേക്ക് പിൻതിരിഞ്ഞു നോക്കൂ: പ്രത്യയശാസ്ത്രം മരിച്ചേടത്തെല്ലാം അരാജകത്വം അഴിഞ്ഞാടിയിട്ടുണ്ട്. ദൈവത്തിന്നോ ആൾ ദൈവങ്ങൾക്കോ ഒരു രാജ്യത്തെ രക്ഷിക്കാനാവില്ല. ❑

---

# സംരക്ഷണം പലവിധം

**ഇ**ന്ത്യയിൽ ഔദ്യോഗിക രംഗത്തുള്ള പ്രമാണിമാരെ നാലായിട്ടാണ് തരം തിരിച്ചിരിക്കുന്നത്. ഈ ചാതുർവ്വർണ്യത്തിലെ ഓരോ വർണ്ണത്തിൽ പെട്ടവർക്കും തനതായ സംരക്ഷണ വിധികളാണുള്ളത്.

1) (Z+) വെടിയുണ്ട ഏൽക്കാത്ത കാറ്; കമാൻഡോകളുടെ സംരക്ഷണം. രണ്ട് അകമ്പടി വാഹനങ്ങൾ; രണ്ട് പോലീസ് അംഗരക്ഷകർ; പരിസര സംരക്ഷണത്തിന്ന് രണ്ടു പോലീസുകാർ; രാപ്പകലുള്ള സുരക്ഷിതത്വ നടപടികളുടെ മേൽനോട്ടത്തിന്ന് ഇൻസ്പെക്ടർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ.
2) (Z) മേൽ പറഞ്ഞ (Z+) സംരക്ഷണം തന്നെ; എന്നാൽ അകമ്പടിക്കാർ ഒന്നേ ഉണ്ടാകൂ.
3) (Y) രാപ്പകൽ രണ്ടു അംഗരക്ഷകരുടെ സേവനം
4) (X) രാപ്പകൽ ഒരംഗരക്ഷകൻ

❑

# കേരളത്തിലെ സംവാദങ്ങളുടെ അപചയം

**- ടി.വി. അച്യുതവാരിയർ -**

വ്യക്തികളുടെ സ്വകാര്യ ജീവിതം പാവനമാണ്. ക്ഷണിക്കപ്പെടാതെ മറ്റൊരാൾക്കതിൽ ഇടപെടാൻ അവകാശമില്ല. സ്ഥാനമാനങ്ങൾ വഹിക്കുന്ന പൊതുപ്രവർത്തകരുടെ സ്വകാര്യ ജീവിതത്തിൽപോലും മറ്റൊരാൾ തലയിടാറില്ല. ഈ അടിസ്ഥാന പ്രമാണം ധ്വംസിക്കപ്പെട്ടാൽ സാമൂഹ്യ ജീവിതം കലാപ കലുഷിതമായിത്തീരും.

കഴിഞ്ഞ രണ്ടുമാസമായി കേരളത്തിൽ നടന്നുവരുന്ന സംവാദങ്ങളെ നാം ഈ ഉരകല്ലിന്മേലാണ് മാറ്റുരച്ചു നോക്കേണ്ടത് കൊച്ചിയിലെ ഒരു ബിസിനസ്സ് സ്ഥാപനത്തിൽനിന്നും അവിടത്തെ ഒരു പത്രത്തിലെ ജീവനക്കാരൻ ഒരുകോടി രൂപ കൈപ്പറ്റി എന്നതിൽനിന്നാരംഭിക്കുന്നു കേരളത്തിലെ സമകാലീന സംവാദം. പണം കൊടുത്തവന്നോ വാങ്ങിയവന്നോ പരാതിയില്ല; മറ്റാർക്കോ അത് രസിച്ചില്ലെന്നതാണ് കേസ്. ജനങ്ങൾക്ക് ഇതിലെന്താണ് കാര്യം? ആരാന്റെ അമ്മക്ക് ഭ്രാന്തു പിടിച്ചാൽ, കാണാൻ നല്ല രസം എന്നതിന്നുപരി ഇതിലാർക്കും ഒരു കാര്യവുമില്ല.

ഇതിന്റെ ബഹളമൊന്നു തണുക്കുന്നതിന്നുമുമ്പ്, ഒരു പത്രം ഒരാളിൽനിന്ന് രണ്ടുകോടി രൂപ വാങ്ങി എന്നൊരു വാർത്ത ആളിക്കത്തി. അതിന്റെ ന്യായാന്യായതകളെപ്പറ്റിയും നിമയസാധുതയെപ്പറ്റിയും പണം നൽകിയവന്റേയും വാങ്ങിയവന്റേയും സ്വഭാവത്തെപ്പറ്റിയുമെല്ലാം പത്രങ്ങളിൽ വിസ്തരിച്ച ചർച്ച നടന്നു. പണം വാങ്ങുന്നതും കൊടുക്കുന്നതും സർവ്വ സാധാരണമായ ഇടപാടാകയാൽ, ആദ്യത്തെ ആളിക്കത്തലിന്നുശേഷം ഈ വിവാദം കെട്ടടങ്ങി.

അപ്പോഴാണ് കണ്ണൂരിലൊരു ടൂർണമെന്റിന്ന് ഒരു ബിസിനസ്സുകാരൻ 64 ലക്ഷം രൂപ സംഭാവന നൽകി എന്ന വാർത്ത പുറത്തുവരുന്നത്. കയ്യിൽ കാശുള്ളവൻ ഒരു സംരംഭത്തിന്ന് സംഭാവന നൽകിയാൽ അതിലിത്ര ബഹളം കൂട്ടാൻ എന്തിരിക്കുന്നു? ഇതിൽ നിയമവിരുദ്ധമായി എന്തെങ്കിലും നടന്നതായി ആർക്കും ആക്ഷേപമില്ല. ഇതൊരു വലിയ വാർത്തയായി പ്രസിദ്ധീകരിച്ചവർക്കൊഴിച്ച് ആർക്കെങ്കിലും ഇതിൽ ആക്ഷേപമില്ലതാനും.

നിരർത്ഥകമായ ഫുട്ബോൾകേസ് ഊശാൻതാടിപോലെ പറന്നുപോയപ്പോഴേക്കും കേരളീയരുടെ മുന്നിൽ മറ്റൊരു വിവാദ വിഷയം അവതരിപ്പിക്കപ്പെട്ടു. കത്തോലിക്കാസഭയുടെ മുഖപത്രമായി കരുതപ്പെടുന്ന ദീപിക ഒരു മുസ്ലീം ബിസിനസ്സുകാരനായ ഫാരിസ് എന്നൊരാൾ ഏറ്റെടുത്തതു സംബന്ധിച്ചുള്ളതായിരുന്നു വാർത്ത. ലോക പ്രസിദ്ധമായ വാൾസ്ട്രീറ്റ് ജർണൽ പത്രമുതലാളിയായ മുഡ്രോക് ഏറ്റെടുത്തത് വാർത്തയായതുപോലെ ഫാരിസ് ദീപിക ഏറ്റെടുത്തതും വാർത്തയായി. എന്നാൽ അതിനോടനുബന്ധിച്ചു നടന്ന ആരോപണ പ്രത്യാരോപണങ്ങളിൽ ജനങ്ങൾക്കൊരു താൽപര്യവുമില്ല. ദീപികയുടെ പഴയ ഉടമകളും പുതിയ ഉടമകളും തമ്മിൽ പുലഭ്യം പറയുന്നുവെങ്കിൽ അതവരുടെ കാര്യം.

മന്ത്രിമാരോ ഉദ്യോഗസ്ഥൻമാരോ പണം വാങ്ങുകയോ ഔദാര്യങ്ങൾ സ്വീകരിക്കുകയോ ചെയ്താൽ, തീർച്ച

# ഔഷധ കുത്തകക്കാർക്ക് കനത്തൊരടി




നൊവാർട്ടിസ്സിന്റെ മുംബായിലെ ഓഫീസിന്നുമുമ്പിൽ
ക്യാൻസർ രോഗികൾ നടത്തുന്ന പ്രതിഷേധ പ്രകടനം

**ഇ**ന്ത്യയിലെ പേറ്റന്റ് നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് സ്വിസ് കമ്പനിയായ നൊവാർട്ടീസ് സമർപ്പിച്ച ഹർജി മദ്രാസ് ഹൈക്കോടതി ആഗസ്ത് 6ന്ന് തള്ളി. കുറഞ്ഞ വിലക്ക് ഔഷധങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യാൻ ഇന്ത്യയിലെ ഔഷധ നിർമ്മാണ ശാലകൾക്ക് ഈ വിധി വഴിതുറന്നു കൊടുത്തു.

ഇന്ത്യയിൽ കൊല്ലംതോറും 20,000 കോടി രൂപയുടെ ഔഷധങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതിൽ അറുപത്തഞ്ചു ശതമാനവും കയറ്റുമതി ചെയ്യുകയാണ്. ഇന്ത്യൻ ഔഷധങ്ങൾക്ക് വിലകുറവാകയാൽ വികസ്വര രാജ്യങ്ങളെന്നല്ല, വികസിത രാജ്യങ്ങളിലെ പാവങ്ങളും ഇന്ത്യൻ ഔഷധങ്ങളാണ് ഉപയോഗിക്കുന്നത്.

ഒരുതരം ക്യാൻസറിന്റെ ചികിത്സക്ക് ഉപയോഗിക്കുന്ന "ഗ്ലിവെക്" എന്ന മരുന്നിന്റെ പേറ്റന്റിന്നായി നൊവാർട്ടിസ് സമർപ്പിച്ചിരുന്ന അപേക്ഷ തിരസ്കരിക്കപ്പെട്ടതിനെത്തുടർന്നാണ് കമ്പനിക്കാർ മദ്രാസ് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്.

ഈ മരുന്ന് ഇന്ത്യയിലും നിർമ്മിക്കുന്നുണ്ട്. ഇന്ത്യൻ മരുന്നിന്ന് വില വളരെ കുറ ⇨

---

യായും അതു ശ്രദ്ധിക്കപ്പെടേണ്ടകാര്യമാണ്. ആരാണ്, എന്താണ്, എന്തിനാണ് എന്നു തുടങ്ങിയ അനേകം ചോദ്യങ്ങൾ അപ്പോൾ ഉയർന്നുവരും. എന്നാൽ വ്യക്തികളുടെ സ്വകാര്യ ഇടപാടുകളിൽ മാധ്യമങ്ങളെന്തിന്നു തലയിടണം? ദിവസവും രാവിലെ നാറുന്ന വിഴുപ്പുകളുമായി പടികടന്നുവരുന്ന പത്രങ്ങളെ പേടിക്കണമെന്നതാണ് ഇന്ന് കേരളത്തിലെ സ്ഥിതി.

പൊതുജീവിതവും സ്വകാര്യ ജീവിതവും തമ്മിലുള്ള വ്യത്യാസവും അവയ്ക്കിടയിലുള്ള അതിർവരമ്പും മലയാള മാധ്യമങ്ങൾ മനസ്സിലാക്കാൻ വൈകിക്കഴിഞ്ഞു. പത്രത്തിന്റെ പ്രചാരം വർധിപ്പിക്കാനായി ഹീനമായതെന്തും അച്ചടിച്ചു വിടാമെന്ന ധാരണ ആപൽക്കരമാണ്. ❑

വാണ്. നൊവാർട്ടിസ്സിന്റെ ഗ്ലിവെക് എന്ന ഔഷധമാണെങ്കിൽ, ഒരു മാസത്തെ ചികിത്സക്ക് ഒരു ലക്ഷം രൂപ ചെലവുവരും. അതേ സമയം ഇന്ത്യൻ മരുന്നാണെങ്കിൽ 10,000 രൂപയേ വരൂ. തന്മൂലം വികസ്വര രാജ്യങ്ങളെല്ലാം ഇന്ത്യൻ ഔഷധമാണ് ഉപയോഗിച്ചുവരുന്നത്. മദ്രാസ് ഹൈക്കോടതി നൊവാർട്ടിസ്സിന്ന് അനുകൂലമായി വിധിച്ചിരുന്നുവെങ്കിൽ ഇന്ത്യയിലെ രോഗികൾ മാത്രമല്ല ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പാവങ്ങളും ചികിത്സിക്കാനാകാതെ കഷ്ടപ്പെടുമായിരുന്നു.

അർബുദ ചികിത്സയുടെ കാര്യത്തിൽ മാത്രമല്ല പ്രശ്നമുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എയ്ഡ്സിന്റെ ചികിത്സക്ക് ഉപയോഗിക്കുന്ന ഔഷധങ്ങളിൽ 84ശതമാനവും ഇന്ത്യയിൽ നിർമ്മിക്കുന്നവയാണ്. മറ്റു അവശ്യ ഔഷധങ്ങളിൽ 24 ശതമാനവും ഇന്ത്യയിൽ നിന്നാണ് കിട്ടുന്നത്.

ഈയൊരു പ്രത്യേകത കാരണം മദ്രാസ് ഹൈക്കോടതിയിൽ നടന്നു വന്നിരുന്ന കേസിന്റെ ഗതിയെ ഇന്ത്യക്കാരേക്കാളധികം താല്പര്യത്തോടെ പിൻതുടർന്നിരുന്നത് വിദേശ രാജ്യങ്ങളിലെ രോഗികളും ഡോക്ടർമാരുമാണ്.

വികസ്വര രാജ്യങ്ങളിലും അല്പ വികസിത രാജ്യങ്ങളിലും സേവനമനുഷ്ഠിക്കുന്ന അന്താരാഷ്ട്ര സംഘടനകളെല്ലാം മദ്രാസ് ഹൈക്കോടതിയുടെ വിധിയെ പ്രകീർത്തിച്ചിട്ടുണ്ട്.

ഇന്ത്യ 1970 ൽ തന്നെ പേറ്റന്റ് നിയമം ഉണ്ടാക്കിയിരുന്നു. ഈയിടെ ലോക വ്യാപാര സംഘടനയിൽ അംഗമായപ്പോൾ പേറ്റന്റ് നിയമം ഭേദഗതി ചെയ്യേണ്ടിവന്നു. 2005 ൽ പാസാക്കിയ പുതിയ നിയമത്തിലെ 3(ഡി) വകുപ്പു പ്രകാരം പഴയൊരു മരുന്നിന്ന് പുതിയ പേറ്റന്റ് നൽകില്ല.

നൊവാർട്ടിസിന്റെ ഗ്ലിവിക് എന്ന മരുന്നിന്ന് 1992 ൽ തന്നെ അമേരിക്കയിലും യൂറോപ്പിലും പേറ്റന്റ് എടുത്തിരുന്നു. എന്നാൽ ഇന്ത്യയിൽ പേറ്റന്റിന്ന് അപേക്ഷിച്ചത് 1998 ൽ മാത്രമാണ്. ഇത് പഴയ മരുന്നല്ലെന്നും, പുതിയ ശക്തികൂടിയ മരുന്നാണെന്നും അവകാശപ്പെട്ടുകൊണ്ടാണ് നൊവാർട്ടിസ് പേറ്റന്റിന് അപേക്ഷിച്ചത്. കൺട്രോളർ അത് തള്ളിക്കളഞ്ഞു. ഇതിന്നെതിരായിട്ടായിരുന്നു. നൊവാർട്ടിസിന്റെ ഹർജി.

എല്ലാ അന്താരാഷ്ട്ര ഔഷധ കുത്തകളും ഈ കേസിന്റെ പോക്കിനെ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചുവരികയായിരുന്നു. കാരണം ഇന്ത്യൻ നിയമത്തിലെ 3(ഡി) വകുപ്പ് ലോകത്തിലൊരിടത്തും നിലവില്ലാത്തതാണ്. പഴയ മരുന്നുകളുടെ കൂട്ടിൽ അല്പം ചില മാറ്റങ്ങൾ വരുത്തി പുതിയ പേറ്റന്റ് എടുക്കുക എന്നത് എല്ലാ കമ്പനികളും ചെയ്തുവരുന്ന വിദ്യയാണ്. ഹൈക്കോടതി വിധി മറിച്ചായിരുന്നുവെങ്കിൽ ഈ കമ്പനികൾക്കെല്ലാം ഗുണം കിട്ടും. ഇന്ത്യയിലിപ്പോൾ പേറ്റന്റിനുള്ള 9000 അപേക്ഷകൾ കെട്ടികിടപ്പുണ്ട്. ഇതിൽ പകുതിയും പഴയ മരുന്നുകളുടെ പുതിയ പതിപ്പുകളാണ്.

ഹൈക്കോടതി വിധി നൊവാർട്ടിസ്സിന്നു അനുകൂലമായിരുന്നുവെങ്കിൽ, ഇന്ത്യയിലെ ഔഷധ നിർമ്മാണ ശാലകൾക്ക് ഒട്ടേറെ മരുന്നുകളുടെ ഉല്പാദനം നിർത്തേണ്ടിവരുമായിരുന്നു; കയറ്റുമതിയാകെ തകരുമായിരുന്നു. ഇന്ത്യയിലേയും വിദേശങ്ങളിലേയും രോഗികൾക്ക് കുത്തക കമ്പനികൾ നിർമ്മിക്കുന്ന ഔഷധങ്ങൾ പത്തോ ഇരുപതോ ഇരട്ടി വില നൽകി വാങ്ങേണ്ടി വരുമായിരുന്നു.

"ഇന്ത്യയിൽനിന്നുള്ള വിലകുറഞ്ഞ മരുന്നുകളെ ആശ്രയിക്കുന്ന വികസ്വര രാജ്യങ്ങളിലെ ലക്ഷോപിലക്ഷം രോഗികൾക്കും ഡോക്ടർമാർക്കും ആശ്വാസം പകർന്നൊരു വിധിയാണിത്" എന്നാണ് "അതിരുകളില്ലാത്ത ഡോക്ടർമാർ" എന്ന സംഘടനയിലെ ടൈഡോവോൺ ഷോവൻ ആൻഗരർ പറഞ്ഞത്.

"ലക്ഷക്കണക്കിന്ന് ജനങ്ങൾക്ക്, താങ്ങാവുന്ന വിലക്ക് മരുന്നുകൾ കിട്ടാറാക്കുന്ന വളരെ രചനാത്മകമായൊരു വിധി" എന്നാണ് "കെയർ" എന്ന അമേരിക്കൻ സംഘടനയുടെ പ്രസിഡണ്ടായ

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# ആരാണീ ഡോ. സെൻ?

സ്കൂൾ വിദ്യാഭ്യാസത്തിന്നുശേഷം 1966ൽ വിനായക സെൻ തമിഴ്നാട്ടിലെ വെല്ലൂരിലുള്ള ക്രിസ്റ്റ്യൻ മെഡിക്കൽ കോളേജിൽ ചേർന്നു. പ്രശസ്തമായ രീതിയിൽ എം.ബി.ബി.എസ് പാസായ സെൻ അവിടെത്തന്നെ എം.ഡി. കോഴ്സിന്ന് തിരഞ്ഞെടുക്കപ്പെട്ടു. അതിലും പ്രശസ്തമായ രീതിയിൽ അദ്ദേഹം ബിരുദം നേടി.

വെല്ലൂർ വിട്ട ഡോ. സെൻ ദൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ സോഷ്യൽ മെഡിസിൻ സെന്ററിൽ അധ്യാപകനായി.

പിന്നീടദ്ദേഹം മധ്യപ്രദേശിലെ ഗ്രാമീണാരോഗ്യ പരിപാടിയിൽ ചേർന്നു. ക്ഷയരോഗ നിവാരണ പരിപാടികളായിരുന്നു അദ്ദേഹം ഏറ്റെടുത്തിരുന്നത്. ഈ അവസരത്തിലാണ് അദ്ദേഹം മനുഷ്യാവകാശ പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്.

ഛത്തീസ്ഗഡ് മേഖലയിൽ ശങ്കർ ഗുഹ നിയോഗിയുടെ നേതൃത്വത്തിൽ ഖനി തൊഴിലാളികൾ വേതനവർധനയും മറ്റാനുകൂല്യങ്ങളും നേടിയെടുത്തപ്പോൾ അതു മുഴുവനും കള്ളുഷാപ്പിൽ എത്താതെ നോക്കേണ്ടതുണ്ടായിരുന്നു. അതിന്ന് വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും അത്യാവശ്യമായി. ഡോ. സെന്നിന്റെ ഭാര്യ ജല്ലിന അധ്യാപികയായിരുന്നതിനാൽ തൊഴിലാളികളുടെ വിദ്യാഭ്യാസകാര്യം അവർ ഏറ്റു.

ഡോ. സെൻ തൊഴിലാളികൾക്കായി ഷഹീദ് ആസ്പത്രി സ്ഥാപിച്ചു. വെറും 600 രൂപയായിരുന്നു അദ്ദേഹത്തിനു നിശ്ചയിച്ച ശമ്പളം. പിന്നീട് അദ്ദേഹത്തിന്റെ സേവനം ആദിവാസി ഗ്രാമങ്ങളിലേക്കും വ്യാപിപ്പിച്ചു.

ഷഹീദ് ആസ്പത്രി സുസ്ഥാപിതമായതോടെ ഡോ. സെൻ ടിൽഡയിലെ മിഷൻ ഹോസ്പിറ്റലിലേക്ക് മാറി. പന്നീടദ്ദേഹം റായ്പൂരിൽ "രൂപാന്തരം" എന്ന പേരിൽ ഒരു സന്നദ്ധ സംഘടന രൂപീകരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യാവകാശം എന്നീ മേഖലകളിലാണിവർ സേവനമനുഷ്ഠിക്കുന്നത്. ദേശീയ പൗര സ്വാതന്ത്ര്യ യൂണിയന്റെ (പി.യു.സി.എൽ) ഛത്തീസ്ഗഡ് ശാഖ സ്ഥാപിക്കാൻ മുൻകൈ എടുത്തതും ഡോ. സെന്നാണ്. ഇപ്പോൾ അതിന്റെ ജന. സെക്രട്ടറിയും അദ്ദേഹംമാണ്. ❑

---

ഡോ. ഹെലൻ ഗയേൽ പറഞ്ഞത്.

"കുത്തക കമ്പനികളുടെ മരുന്നു വാങ്ങാൻ കഴിവില്ലാത്ത ലക്ഷക്കണക്കിന്ന് ജനങ്ങൾക്ക് ജീവൻ പ്രദാനം ചെയ്യുന്ന വിധി" എന്നാണ് കെയറിന്റെ ഇന്ത്യയിലെ പ്രതിനിധിയായ സന്ധ്യാ വെങ്കിടേശ്വരൻ പറഞ്ഞത്.

ലാറ്റിനമേരിക്കയിലെ പെറുവിൽ എയ്ഡ്സ് രോഗികളെ സഹായിച്ചുവരുന്നത് കെയറാണ്. ഇന്ത്യയിൽനിന്ന് വില കുറഞ്ഞ ഔഷധം കിട്ടിത്തുടങ്ങിയതോടെ ഇരട്ടിയിലേറെ രോഗികളെ സഹായിക്കാൻ ഇപ്പോൾ കഴിയുന്നുണ്ട്.

നൊവാർട്ടിസ്സിന്റെ കേസ് ലോകത്തിലാകെ വലിയ പ്രതിഷേധത്തിനിടയാക്കിയിരുന്നു. ഒരു പക്ഷെ അതുകൊണ്ടാകാം ഹൈക്കോടതി വിധിക്കെതിരെ തങ്ങൾ അപ്പീൽ സമർപ്പിക്കില്ലെന്ന് നൊവാർട്ടിസ് വ്യക്തമാക്കിയിട്ടുണ്ട്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.